കേരള സർക്കാർ

# കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

**www.lfa.kerala.gov.in**

# കടുങ്ങല്ലൂർ ഗ്രാമപഞ്ചായത്ത്

**2018-19**

# ഓഡിറ്റ് റിപ്പോർട്ട്

## സംസ്ഥാന ഓഡിറ്റ് വകുപ്പ്

## എറണാകുളം ജില്ലാ കാര്യാലയം

**e-mail:email:doekm.ksad@kerala.gov.in**

(രജിസ്റ്റർ ചെയ്ത കൈപ്പറ്റുചീട്ട് സഹിതം)

നം. കെ. എസ്.എ.ഇ.കെ.എം. (പി.13)17/2020

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം,എറണാകുളം
സിവിൽ സ്റ്റേഷൻ,കാക്കനാട്–682030

ഫോൺ : 0484 – 2422271
email : doekm.ksad@kerala.gov.in
തീയതി:03.03.2020

ഡെപ്യൂട്ടി ഡയറക്ടർ

പ്രസിഡന്റ്
(സെക്രട്ടറി മുഖേന)
കടുങ്ങല്ലൂർ ഗ്രാമപഞ്ചായത്ത്

സർ,

വിഷയം : കടുങ്ങല്ലൂർ ഗ്രാമപഞ്ചായത്ത് – 2018-19 സാമ്പത്തിക വർഷത്തെ ഓഡിറ്റ് റിപ്പോർട്ട് - പുറപ്പെടുവിക്കുന്നു

*********************************

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13 , 1996ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, 1994 ലെ കേരളാ പഞ്ചായത്ത് രാജ് നിയമം വകുപ്പ് 215(4)എന്നിവയിലെ വ്യവസ്ഥകൾ പ്രകാരം കടുങ്ങല്ലൂർ ഗ്രാമപഞ്ചായത്തിന്റെ 2018-19 സാമ്പത്തിക വർഷത്ത വാർഷിക ധനകാര്യ പത്രികയുടെ പരിശോധനാഫലമായുള്ള ഓഡിറ്റ് റിപ്പോർട്ട് 1996ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടം 23(1) ൽ നിർദ്ദേശിക്കുന്ന പ്രകാരമുള്ള തുടർ നടപടികൾക്കായി ഇതോടൊപ്പം അയയ്ക്കുന്നു.

ഈ റിപ്പോർട്ടിലെ ഭാഗം 2, 3എന്നിവയിലെ ഖണ്ഡികകളിലേയ്ക്ക് പ്രത്യേക ശ്രദ്ധ ക്ഷണിക്കുന്നു.

ഈ റിപ്പോർട്ട് കൈപ്പറ്റിയാലുടൻ ഇതിൽ പരാമർശിക്കുന്ന ക്രമക്കേടുകൾക്ക് ഉത്തരവാദികളായ വ്യക്തികളെ പ്രസക്ത ഖണ്ഡികകളുടെ പകർപ്പ് സഹിതം വിവരം ധരിപ്പിക്കേണ്ടതാണ്.

ഈ റിപ്പോർട്ട് കൈപ്പറ്റി ഒരു മാസത്തിനകം ഗ്രാമപഞ്ചായത്തിന്റെ പ്രത്യേക യോഗം കൂടി ഓഡിറ്റ് റിപ്പോർട്ട് വിശദമായി ചർച്ച ചെയ്യേണ്ടതും, ഓഡിറ്റ് റിപ്പോർട്ടിന്റെയും അതിന്മേൽ കടുങ്ങല്ലൂർ ഗ്രാമപഞ്ചായത്ത് എടുത്ത തീരുമാനത്തിന്റെയും പകർപ്പ് പൊതുജന ശ്രദ്ധയ്ക്കായി പ്രസിദ്ധപ്പെടുത്തേണ്ടതുമാണ്. (1997 ലെ കേരള പഞ്ചായത്ത് രാജ് (-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും) ചട്ടങ്ങളിലെ ചട്ടം 14,15).

റിപ്പോർട്ട് കൈപ്പറ്റി രണ്ടു മാസത്തിനകം ഇതിൽ ഉൾപ്പെടുന്ന ഓഡിറ്റ് പരാമർശങ്ങൾ/തടസ്സങ്ങൾ ഒഴിവാക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കേണ്ടതും ആയത് സംബന്ധിച്ച ഒരു റിപ്പോർട്ട് പ്രസ്തുത കാലയളവിനുള്ളിൽ ഈ ഓഫീസിലേക്ക് അയച്ചു തരേണ്ടതുമാണ്. (ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം സെക്ഷൻ 15(1)ചട്ടം 20,23, 1997 കേരളാ പഞ്ചായത്ത് രാജ് (പരിശോധനാ രീതിയും ഓഡിറ്റ് സംവിധാനവും) ചട്ടങ്ങളിലെ ചട്ടം 21(1)(2)എന്നിവ കാണുക)

വിശ്വസ്തതയോടെ,

.

ഡെപ്യൂട്ടി ഡയറക്ടർ

പകർപ്പ് :
1)കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ് ഡയറക്ടർ, തിരുവനന്തപുരം(ഉപരിപത്രം സഹിതം)
2) പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ, എറണാകുളം ജില്ല
3)കാര്യാലയ പകർപ്പ്

നം കെ.എസ് .എ ഇ.കെ.എം (പി13 )17/2020 തീയതി:03.03.2020

# എറണാകുളം ജില്ലയിലെ കടുങ്ങല്ലൂർ ഗ്രാമപഞ്ചായത്തിന്റെ 2018-19 സാമ്പത്തിക വർഷത്തെ ധനകാര്യപത്രികയിന്മേലുള്ള ഓഡിറ്റ് റിപ്പോർട്ട്.

(**1994** ലെ കേരളാ പഞ്ചായത്ത് രാജ് നിയമം- വകുപ്പ് **215(4)** , **1994** ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം - വകുപ്പ് **13, 1996**ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം **18** എന്നിവ പ്രകാരം പുറപ്പെടുവിക്കുന്നത്.)

**എറണാകുളം** ജില്ലയിലെ **കടുങ്ങല്ലൂർ ഗ്രാമപഞ്ചായത്തിന്റെ 2018-19** സാമ്പത്തിക വർഷത്തെ ധനകാര്യപത്രിക ഓഡിറ്റിന് വിധേയമാക്കുകയുണ്ടായി. ഗ്രാമപഞ്ചായത്ത് 01.04.2018 മുതൽ 31.03.2019 തീയതി വരെ വിവിധ ഇനങ്ങളിലായി നടത്തിയ പണം പിരിവ്, അവയുടെ ഒടുക്ക്, വിവിധ അക്കൗണ്ടുകളിൽ നിന്നുള്ള പണം പിൻവലിക്കലുകൾ എന്നിവയും പരിശോധിച്ചു.

ഓഡിറ്റിൽ കണ്ടെത്തിയ അപാകതകൾ അതത് സമയം ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിലൂടെ ഗ്രാമപഞ്ചായത്തിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട്. 22 അന്വേഷണക്കുറിപ്പുകൾ നൽകിയതിൽ 20 എണ്ണത്തിന് മറുപടി ലഭിച്ചിട്ടുണ്ട്. ഓഡിറ്റ് പരാമർശങ്ങൾ ഓഡിറ്റ് സമാപനയോഗത്തിൽ അവതരിപ്പിക്കുകയും മറുപടി പരിഗണിക്കുകയും ചെയ്ത ശേഷം പ്രധാനപ്പെട്ട നിരീക്ഷണങ്ങൾ മാത്രമാണ് ഓഡിറ്റ് റിപ്പോർട്ടിൽ ചേർത്തിരിക്കുന്നത്. ഈ റിപ്പോർട്ടിൽ ഉൾപ്പെടാത്ത ഓഡിറ്റ് അന്വേഷണ ക്കുറിപ്പുകളിന്മേലുള്ള തുടർ നടപടികൾ പഞ്ചായത്ത് സ്വീകരിക്കേണ്ടതാണ്.

സ്ഥാപനത്തിൽ നിന്നു ലഭ്യമായ രജിസ്റ്ററുകളുടേയും രേഖകളുടേയും വിവരങ്ങളുടേയും വിശദീകരണത്തിന്റേയും അടിസ്ഥാനത്തിലാണ് ഈ റിപ്പോർട്ട് തയ്യാറാക്കിയിരിക്കുന്നത്. സ്ഥാപനം നൽകിയ തെറ്റായ വിവരത്തിന്റെയോ ലഭ്യമാക്കാത്ത വിവരത്തിന്റെയോ കാര്യത്തിൽ സംസ്ഥാന ഓഡിറ്റ് വകുപ്പിന് യാതൊരു ഉത്തരവാദിത്തവുമില്ല.

**(എ)ഓഡിറ്റ് നടത്തിയതിന്റെ വിവരം**

| | | |
|---|---|---|
| ഓഡിറ്റ് നടത്താൻ ചുമതലപ്പെട്ട ഉദ്യോഗസ്ഥൻ | ശ്രീ. വിനോദ്.കെ.കെ ഡെപ്യൂട്ടി ഡയറക്ടർ | |
| ഓഡിറ്റിന് വിനിയോഗിച്ച സമയം | 09.12.2019 മുതൽ 19.12.2019 വരെ | |
| ഓഡിറ്റ് നടത്തിയ ഉദ്യോഗസ്ഥർ | ശ്രീ. അബ്ദുൾ സലാം.ടി.ഐ | ഓഡിറ്റ് ഓഫീസർ (ഹ.ഗ്രേ) |
| | ശ്രീ.പ്രസാദ്.പി.ജി. | അസിസ്റ്റന്റ് ഓഡിറ്റ് ഓഫീസർ |
| | ശ്രീ. ശ്രീജിത്ത്. സി.ഡി | സീനിയർ ഗ്രേഡ് ഓഡിറ്റർ |
| | ശ്രീ.സന്തോഷ് കുമാർ. എം | ഓഡിറ്റർ (ഹ.ഗ്രേ) |

**(ബി)നിർവ്വഹണാധികാരികൾ**

| സ്ഥാനപ്പേര് | പേര് | കാലയളവ് | |
|---|---|---|---|
| | | മുതൽ | വരെ |
| പ്രസിഡന്റ് | ശ്രീമതി. രത്നമ്മ സുരേഷ് | 01.04.2018 | 31.03.2019 |

സെക്രട്ടറി

| പേര് | കാലയളവ് | |
|---|---|---|
| | മുതൽ | വരെ |
| ശ്രീ. എം.എ രാമൻകുട്ടി | 01.04.2018 | 31.03.2019 |

**നിർവ്വഹണോദ്യോഗസ്ഥർ**

| ഉദ്യോഗപ്പേര് | | കാലയളവ് | |
|---|---|---|---|
| | | മുതൽ | വരെ |
| അസിസ്റ്റന്റ് സെക്രട്ടറി | ശ്രീമതി. ബീന ജോസഫ് | 01.04.2018 | 21.06.2018 |
| ,, | ശ്രീ.ടോമി തോമസ് | 23.06.2018 (22.6.18- | 30.06.2018 |

| | | | |
|---|---|---|---|
| | | ഒഴിവ്) | |
| ,, | ശ്രീ.ഉദയകുമാർ .കെ.പി | 01.07.2018 | 31.03.2019 |
| ഐ സി ഡി എസ് സൂപ്പർവൈസർ | ശ്രീമതി.ഗീത പി എൽ | 01.04.2018 | 31.03.2019 |
| കൃഷി ഓഫീസർ | ശ്രീ.ബോബൻ പോൾ | 01.04.2018 | 31.05.2018 |
| | ശ്രീമതി.ബെൽസി ബാബു | 01.06.2018 | 18.08.2018 |
| | ശ്രീമതി. നീതു.എൻ.എസ് | 20.08.2018 | 31.10.2018 |
| | ശ്രീമതി.ബെൽസി ബാബു | 01.11.2018 | 31.03.2019 |
| മെഡിക്കൽ ഓഫീസർ (ആയുർവേദം) | ഡോ.ബിന്ദു എൻ. ലാൽ | 01.04.2018 | 31.03.2019 |
| മെഡിക്കൽ ഓഫീസർ (പി എച്ച് സി കടുങ്ങല്ലൂർ) | ഡോ.പ്രശാന്തി.എം | 01.04.2018 | 31.03.2019 |
| മെഡിക്കൽ ഓഫീസർ (പി എച്ച് സി ബിനാനിപുരം) | ഡോ.തനു മേരി തോമസ് | 01.04.2018 | 31.03.2019 |
| മെഡിക്കൽ ഓഫീസർ (ഹോമിയോ) | ഡോ.സജിത വി എസ് | 01.04.2018 | 31.03.2019 |
| അസിസ്റ്ററന്റ് എഞ്ചിനീയർ | ശ്രീമതി.സിന്ധു എസ് | 01.04.2018 | 31.03.2019 |
| വെറ്ററിനറി സർജ്ജൻ | ഡോ.രഞ്ജിനി രാമൻ | 01.04.2018 | 14.04.2018 |
| ,, | ഡോ.നിഷ സെബാസ്റ്റ്യൻ | 15.04.2018 | 31.03.2019 |
| ഡയറി ഫാം ഇൻസ്ട്രക്ടർ | ശ്രീമതി. ഷഫീന.എം | 01.04.2018 | 31.03.2019 |
| ഹെഡ് മാസ്റ്റർ (എൽ പി എസ്) | ശ്രീ. ബാബു പോൾ പി | 01.04.2018 | 31.03.2019 |
| വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർ (മുപ്പത്തടം) | ശ്രീമതി.ഫെബിന കെ എ | 01.04.2018 | 31.03.2019 |
| വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർ (കടുങ്ങല്ലൂർ ) | ശ്രീ.ലിജേഷ് ജോസഫ് | 01.04.2018 | 31.03.2019 |

ഉള്ളടക്കം


| ക്രമ നം. | ഭാഗം 1 | ഖണ്ഡിക നമ്പർ |
|---|---|---|
| 1 | ബജറ്റ് | 1-1 |
| 2 | വാർഷിക ധനകാര്യ പത്രിക | 1-2 |
| 3 | സാമ്പത്തിക വിശകലനം | 1-3 |
| 4 | ഫണ്ട് വിനിയോഗം | 1-4 |
| 5 | പദ്ധതി അവലോകനം | 1-5 |
| 6 | തനത് വരുമാനം | 1-6 |
| 7 | ക്ഷേമ പദ്ധതികൾ | 1-7 |
| 8 | ക്യാഷ് വെരിഫിക്കേഷൻ | 1-8 |
| 9 | ആഭ്യന്തര നിയന്ത്രണം | 1-9 |
| 10 | മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം | 1-10 |
| 11 | വാർഷിക കണക്കുകളിലെ അപാകതകൾ | 1-11 |
| 12 | വസ്തു നികുതി -കണക്കുകൾ കൃത്യമല്ല ,നികുതി ചോർച്ച തുടരുന്നു. | 1-12 |

| | | |
|---|---|---|
| 13 | തൊഴിൽ നികുതി-അപാകതകൾ | 1-13 |
| 14 | തൊഴിൽ നികുതി-ഈടാക്കുന്നതുമായി ബന്ധപ്പെട്ട മറ്റ് അപാകതകൾ | 1-14 |
| 15 | ലൈസൻസ് ഫീ -അപാകതകൾ | 1-15 |
| 16 | പണമിടപാടുകളില്ലാത്ത ബാങ്ക് അക്കൗണ്ട് ക്ലോസ് ചെയ്യണം | 1-16 |
| 17 | ബാങ്ക് അക്കൗണ്ട്-ധനകാര്യ പത്രികയിൽ ഉൾപെടുത്തിയിട്ടില്ല | 1-17 |
| 18 | ദുരിതാശ്വാസ നിധി കാര്യക്ഷമമാക്കണം | 1-18 |
| 19 | സാമൂഹ്യ ക്ഷേമ പെൻഷൻ – അപാകതകൾ | 1-19 |
| 20 | മരാമത്ത് ബില്ലുകൾ- പ്രവൃത്തി പൂർത്തീകരിക്കുന്നതിന് കാലതാമസം നേരിടുന്നു. | 1-20 |
| 21 | അങ്കണവാടികൾ പരിശോധിച്ചതിന്റെ ഫിറ്റ്നസ് സർട്ടിഫിക്കറ്റ് ലഭ്യമാക്കിയില്ല. | 1-21 |
| 22 | തെരുവ് നായ്ക്കളുടെ ജനന നിയന്ത്രണം -പദ്ധതിയിൽ വൻ അപാകതകൾ | 1-22 |
| 23 | ഡെപ്പോസിറ്റ് വർക്കുകൾ- പ്രവത്തി പൂർത്തീകരിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കണം | 1-23 |
| 24 | ശുചിത്വ മിഷൻ ഫണ്ട്- സമയബന്ധിതമായി വിനിയോഗിച്ചില്ല | 1-24 |
| 25 | ഹെഡ്മാസ്റ്റർ നിർവ്വഹണം നടത്തിയ പദ്ധതികളിലെ അപാകതകൾ | 1-25 |
| 26 | കൊടുവര റോഡ് വെള്ളക്കെട്ട് നിവാരണം - കോടതിവിധിയുണ്ടായിട്ടും പദ്ധതി പൂർത്തീകരിച്ചിട്ടില്ല. | 1-26 |
| 27 | വാർഡുതല ശുചീകരണം -സർക്കാർ നിർദ്ദേശങ്ങൾ പാലിക്കണം | 1-27 |
| 28 | മരാമത്ത് പദ്ധതികളിലെ അപാകതകൾ | 1-28 |
| 29 | പിഴ ഈടാക്കാത്തതിനാൽ 8488/- രൂപയുടെ നഷ്ടം | 1-29 |
| | ഭാഗം 2 | |
| 30 | ലൈസൻസ് ഫീ കുറഞ്ഞ നിരക്കിൽ ഈടാക്കി - നഷ്ടം 24460/- രൂപ | 2-1 |
| 31 | പിഴ ഈടാക്കിയില്ല, പഞ്ചായത്തിന് 8488/- രൂപയുടെ നഷ്ടം. | 2-2 |
| | ഭാഗം 3-ഇല്ല | |
| | ഭാഗം 4 | |
| 32 | വാർഷിക ധനകാര്യ പത്രിക പരിശോധിച്ച് സർട്ടിഫിക്കറ്റ് നൽകിയതിന്റെ വിവരം | 4-1 |
| 33 | സംയുക്ത പ്രൊജക്ടുകൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം | 4-2 |
| 34 | ഡെപ്പോസിറ്റ് വർക്കിനു നൽകിയ തുകയുടെ വിവരങ്ങൾ | 4-3 |
| 35 | മൊബിലൈസേഷൻ അഡ്വാൻസ് നൽകിയത് | 4-4 |
| 36 | വായ്പ/വായ്പ തിരിച്ചടവ് | 4-5 |
| 37 | സ്ഥിര നിക്ഷേപങ്ങൾ | 4-6 |
| 38 | ഓഡിറ്റ് റിക്കവറി | 4-7 |

| | | |
|---|---|---|
| 39 | സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഓഡിറ്റ് ഖണ്ഡികകളുടെ വിശദാംശം. | 4-8 |
| 40 | ചാർജ്/സർചാർജ് നടപടികളുടെ വിവരം | 4-9 |
| 41 | ഓഡിറ്റ് പ്രത്യവലോകനം | 4-10 |
| 42 | തീർപ്പാക്കാൻ അവശേഷിക്കുന്ന റിപ്പോർട്ടുകൾ | 4-11 |
| 43 | ഓഡിറ്റ് സർട്ടിഫിക്കറ്റ് | അനുബന്ധം-1 |
| 44 | ബാലൻസ് ഷീറ്റ് | അനുബന്ധം-2 |
| 45 | ഇൻകം &എക്സ്പെൻഡീച്ചർ സ്റ്റേറ്റ്മെന്റ് | |
| 46 | റസീപ്റ്റ് & പേയ്മെന്റ് സ്റ്റേറ്റ്മെന്റ് | |

# ഭാഗം -1
# പൊതു അവലോകനം
# ഓഡിറ്റ് റിപ്പോർട്ട്

## 1-1 ബജറ്റ്

20.3.2018 തിയതിയിലെ 1(1) നമ്പർ തീരുമാന പ്രകാരം അംഗീകരിച്ചു. പുതുക്കിയ ബജറ്റ് 22.02.2019 ലെ 2(1) നമ്പർ തീരുമാന പ്രകാരം അംഗീകരിച്ചിട്ടുണ്ട്.

## 1-2 വാർഷിക ധനകാര്യപത്രിക

| വർഷം | ലഭിക്കേണ്ട തീയതി | ലഭിച്ച തീയതി |
|---|---|---|
| 2018-19 | 31.7.2019 | 19.5.2019 |

## 1-3 സാമ്പത്തിക വിശകലനം

| | |
|---|---|
| മുന്നിരിപ്പ് | 2,80,80,380.44 |
| വരവ് | 10,66,11,588.00 |
| ആകെ | 13,46,91,968.44 |
| ചെലവ് | 8,42,61,876 |
| നീക്കിയിരിപ്പ് | 5,04,30,092.44 |

## 1-4 ഫണ്ട് വിനിയോഗം

| ഫണ്ടിനം | | മുൻ ബാക്കി | വരവ് (അലോട്ട്മെന്റ്) | ആകെ | ചെലവ് | ലാപ്സായ തുക | നീക്കിയിരിപ്പ് |
|---|---|---|---|---|---|---|---|
| വികസനഫണ്ട് - ജനറൽ | | 0 | 2,06,98,355 | 2,06,98,355 | 1,95,40,468 | 11,51,887 | 0 |
| വികസനഫണ്ട്- എസ്.സി.പി. | | 0 | 85,71,000 | 85,71,000 | 61,10,559 | 24,60,441 | 0 |
| വികസനഫണ്ട് - ടി.എസ്.പി. | | 0 | 1,80,000 | 1,80,000 | 1,62,794 | 17,206 | 0 |
| സംരക്ഷണഗ്രാന്റ്- റോഡ് | | 0 | 1,53,25,000 | 1,53,25,000 | 67,90,923 | 85,34,077 | 0 |
| സംരക്ഷണഗ്രാന്റ്- നോൺറോഡ് | | 0 | 46,25,000 | 46,25,000 | 36,07,110 | 10,17,890 | 0 |
| 13-ാം ധനകാര്യ കമ്മീഷൻ ഗ്രാന്റ് | | 0 | 96,11,000 | 96,11,000 | 63,61,839 | 32,49,161 | 0 |
| സാക്ഷരത | | 736.50 | 26 | 762.50 | 0 | 0 | 762.50 |
| എം.ജി.എൻ ആർ.ഇ ജി.എസ് | ഭരണ ചെലവ് | 3547 | 3,65,680 | 3,69,227 | 3,69,227 | 0 | 0 |

| | | | | | | | |
|---|---|---|---|---|---|---|---|
| കേന്ദ്രാവിഷ്കൃത ഫണ്ടുകൾ- അങ്കണവാടി പൂരക പോഷകാഹാരം | | 9,46,477 | 8,30,425 | 17,76,902 | 10,66,547 | 0 | 7,10,355 |
| ജോയിന്റ് വെഞ്ചർ | ബ്ലോക്ക് പഞ്ചായത്ത് | 34,00,000 | 17,50,332 | 51,50,332 | 37,50,332 | | 14,00,000 |
| | ജില്ലാ പഞ്ചായത്ത് | 44,00,000 | 2,70,591 | 46,70,591 | 5,30,591 | | 41,40,000 |
| ബി ഫണ്ട് | | 0 | 4,88,160 | 4,88,160 | 4,88,160 | 0 | 0 |
| തനത് ഫണ്ട് | ബാങ്ക് അക്കൗണ്ട് | 2,61,76,463 | 4,60,78,984 | 7,22,55,447 | 4,47,30,494 | 0 | 2,75,24,953 |
| | ട്രഷറി അക്കൗണ്ട് | 12,69,225 | 3,49,64,606 | 3,62,33,831 | 1,93,70,108 | 0 | 1,68,63,723 |
| ഹഡ്കോ ഭവനപദ്ധതി- യൂണിയൻ ബാങ്ക് | | 1,92,523 | 5,135 | 1,97,658 | 0 | 0 | 1,97,658 |
| ബഡ്സ് സ്കൂൾ-മുപ്പത്തടം എസ്.ബി.ഐ | | 1,13,094 | 2,18,053 | 3,31,147 | 3,29,771 | 0 | 1,376 |

## 1-5 പദ്ധതി അവലോകനം.

ഓഡിറ്റ് വർഷം അംഗീകാരം ലഭിച്ച പ്രോജക്ടുകൾ നടപ്പാക്കിയതിന്റെ വിവരം താഴെ ചേർക്കുന്നു.

| അംഗീകാരം ലഭിച്ചത് (എണ്ണം) | പദ്ധതി അടങ്കൽ | നടപ്പാക്കിയത് (എണ്ണം) | പദ്ധതി ചെലവ് | ഭാഗികമായി നടപ്പാക്കിയത് (എണ്ണം) | നടപ്പാക്കാത്തവ (എണ്ണം) | പൂർത്തീകരിച്ച പ്രോജക്ടുകളുടെ ശതമാനം |
|---|---|---|---|---|---|---|
| 303 | 11,62,57,846 | 219 | 5,87,30,911 | - | 84 | 65 % |

<u>പൂർത്തിയാക്കാതെ ഉപേക്ഷിക്കപ്പെട്ട പദ്ധതികൾ</u>

ഇല്ല

## 1-6 തൊഴിലുറപ്പു പദ്ധതി

| ഇനം | മുന്നിരിപ്പ് | തൻവർഷ വരവ് | ആകെ വരവ് | ചെലവ് | നീക്കിയിരിപ്പ് |
|---|---|---|---|---|---|
| ഭരണച്ചെലവുകൾ | 3547 | 3,65,680 | 3,69,227 | 3,69,227 | 0 |
| ഗുണഭോക്താക്കൾക്ക് നേരിട്ട് നല്കുന്നത് | 0 | 1,92,20,597 | 1,92,20,597 | 1,92,20,597 | 0 |
| ആകെ | 3547 | 1,95,86,277 | 1,95,89,824 | 1,95,89,824 | 0 |

## 1-7 ക്ഷേമപദ്ധതികൾ

തൻവർഷം ഗ്രാമപഞ്ചായത്ത് നടപ്പാക്കിയ വിവിധ ക്ഷേമ പദ്ധതികളുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| ക്ഷേമപദ്ധതിയുടെ പേര് | ചെലവഴിച്ച തുക | ഗുണഭോക്താക്കളുടെ എണ്ണം |
|---|---|---|
| തൊഴിൽരഹിത വേതനം | 30,960 | 21 |
| കർഷകത്തൊഴിലാളി പെൻഷൻ | 33,66,100 | 274 |
| വിധവാപെൻഷൻ | 1,97,05,100 | 1636 |
| വാർദ്ധക്യകാലപെൻഷൻ | 3,11,06,500 | 2581 |
| വികലാംഗപെൻഷൻ | 49,54,100 | 378 |

| | | | |
|---|---|---|---|
| 50 വയസ്സ് കഴിഞ്ഞ അവിവാഹിതകൾക്കുള്ള ധനസഹായം | 4,40,400 | 39 | |
| വിധവകളുടെ പെൺമക്കളുടെ വിവാഹധനസഹായം | 2,40,000 | 8 | |

## 1-8 ക്യാഷ് പരിശോധന

1994-ലെ ലോക്കൽ ഫണ്ട് ഓഡിറ്റ് ആക്ടിലെ 6(4)-ാം വകുപ്പ് പ്രകാരമുള്ള ക്യാഷ് ബാലൻസ് പരിശോധന 16.12.2019 3.15 പി.എം ന് സെക്രട്ടറിയുടെ സാന്നിധ്യത്തിൽ നടത്തി. പരിശോധനയിൽ 30,422/- രൂപ ക്യാഷ് ബാലൻസിന്റെ കൃത്യത പരിശോധനയിൽ ബോധ്യപ്പെട്ടു.

## 1-9 ആഭ്യന്തരനിയന്ത്രണം

1. ഗ്രാമപഞ്ചായത്ത് ഭരണ സമിതിയുടെയും വിവിധ സ്റ്റാൻഡിംഗ് കമ്മിറ്റികൾ, വർക്കിംഗ് ഗ്രൂപ്പുകൾ, ഗ്രാമസഭകൾ എന്നിവയുടെയും യോഗങ്ങൾ നിയമത്തിലും, ചട്ടങ്ങളിലും വ്യവസ്ഥ ചെയ്തിരിക്കുന്ന പ്രകാരം കൂടുകയും, സ്ഥാപനത്തിന്റെ വരവ് - ചെലവ് കണക്കുകൾ, പദ്ധതിച്ചെലവുകൾ, ദൈനംദിന പ്രവർത്തനങ്ങൾ എന്നിവയുടെ വിലയിരുത്തൽ നടത്തുകയും ചെയ്യുന്നുണ്ട് എന്ന് ഉറപ്പ് വരുത്തേണ്ടതാണ്.

2. രസീത് വഴിയുള്ള പണം വരവ്, അടവ് എന്നിവ ചട്ടപ്രകാരം കൃത്യമായി നടക്കുന്നുണ്ട്. സാംഖ്യ പ്രകാരമുള്ള കണക്കുകൾ പ്രതിമാസം റീകൺസൈൽ ചെയ്ത് വരവ്- ചെലവ് അനുപാതവും, നീക്കിയിരുപ്പിന്റെ കൃത്യതയും ഉറപ്പുവരുത്തേണ്ടതാണ്.

4. പുതുതായി സൃഷ്ടിക്കപ്പെടുന്ന ആസ്തികൾ അതിന്റെ യഥാർഥമൂല്യത്തോടെയും, ചട്ടത്തിൽ നിഷ്കർഷിക്കുന്ന ഡിപ്രിസിയേഷൻ നല്കിയും ആസ്തി രജിസ്റ്ററിൽ ചേർത്തിട്ടുണ്ടെന്ന് ഉറപ്പുവരുത്തേണ്ടതാണ്.

5. പഞ്ചായത്ത് കൃഷിഭവൻ സ്ഥിതിചെയ്യുന്നത് പഞ്ചായത്ത് ഓഫീസ് കെട്ടിടത്തിന്റെ മൂന്നാം നിലയിലായതിനാൽ വിത്ത്, വളം, ചെടികൾ മുതലായവ സൂക്ഷിക്കുന്നതിനും വിതരണം ചെയ്യുന്നതിനും ബുദ്ധിമുട്ടുണ്ട് കൂടാതെ കയറ്റിറക്ക് കൂലിയും നൽകേണ്ടിവരുന്നത് പരിഹരിക്കുവാൻ വേണ്ട നടപടിയെടുക്കേണ്ടതാണ്.
ആഭ്യന്തരനിയന്ത്രണ സംവിധാനങ്ങൾ ശക്തിപ്പെടുത്തുന്നതിനാവശ്യമായ നടപടികൾ പഞ്ചായത്ത് കമ്മിറ്റിയും വിവിധ സ്റ്റാൻഡിങ്ങ് കമ്മിറ്റികളും കൈകൊള്ളേണ്ടതാണ്.

## 1-10 മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം

| ഓഡിറ്റ് | അവസാനം ഓഡിറ്റ് നടത്തിയ തീയതി | ഓഡിറ്റ് കാലയളവ് | റിപ്പോർട്ട് ലഭിച്ച തീയതി |
|---|---|---|---|
| പെർഫോമൻസ് ഓഡിറ്റ് | 26.11.2019 | ഒക്ടോബർ 2019 | 02.02.2019 |
| അക്കൗണ്ടന്റ് ജനറലിന്റെ ഓഡിറ്റ് | 08.01.2018 | 2012-13 മുതൽ 2016-17 വരെ | 23.02.2018 |

## 1-11 വാർഷിക കണക്കുകളിലെ അപാകതകൾ

ഡെപ്പോസിറ്റ് വർക്കുകൾക്ക് നൽകിയ ആകെ തുക വാർഷിക കണക്കുമായി പൊരുത്തപ്പെടുന്നില്ല**.** തിരിച്ചടക്കാനുള്ള വായ്പ തുക ലോൺ രജിസറ്ററിലെ തുകയുമായി പൊരുത്തപ്പെടുന്നില്ല**.** ബഡ്സ് സ്കൂൾ വാഹനം വാങ്ങുന്നതിന് ലഭിച്ചതുപോലെ പ്രത്യേക ഉദ്ദേശ്യത്തിനു ലഭിച്ച ഗ്രാന്റുകൾ ബി**4** ഷെഡ്യൂളിൽ **320** ൽ തുടങ്ങുന്ന ഹെഡിലല്ല വരവെടുത്തിരിക്കുന്നത്**.**
മറ്റ് അപാകതകളായി ഖണ്ഡിക **4-1** ൽ പരാമർശിച്ചിരിക്കുന്ന ഓഡിറ്റ് സാക്ഷ്യപത്രത്തിൽ

ഉൾപ്പെട്ട അപാകതകളിൽ പരിഹരിക്കുവാൻ അവശേഷിക്കുന്നവ അനുബന്ധം 1 ൽ ഉൾപ്പെടുത്തിയിട്ടുണ്ട്.

## 1-12 വസ്തു നികുതി -കണക്കുകൾ കൃത്യമല്ല,നികുതി ചോർച്ച തുടരുന്നു.

വസ്തു നികുതിയുമായി ബന്ധപ്പെട്ട അപാകതകൾ ചുവടെ ചേർക്കുന്നു.

2. സഞ്ചയ സോഫ്റ്റ് വെയറിലെ കെട്ടിടങ്ങളുടെ എണ്ണത്തിൽ പല അപാകതകളും കാണുന്നു.വിവിധ ഇനം കെട്ടിടങ്ങളുടെ എണ്ണം ആകെ 21,674 എന്ന് കാണുന്നു.വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

a. പാർപ്പിടം - 16,190

b. വാണിജ്യം (100 മീറ്റർ വരെ തറ വിസ്തീർണ്ണം) - 2,085

c. വാണിജ്യം (100 മീറ്ററിന് മുകളിൽ തറ വിസ്തീർണ്ണം) - 174

d. വാണിജ്യം (200 മീറ്ററിന് മുകളിൽ തറ വിസ്തീർണ്ണം) - 55

e. ബങ്ക്/പെട്ടിക്കട/ഫ്യുവൽ സ്റ്റേഷൻ - 14

f. ഓഫീസ് - 97

g. വിദ്യാഭ്യാസം - 34

h. ആശുപത്രി - 29

i. അസംബ്ളി കെട്ടിടം, കൺവെൻഷൻ സെന്റർ - 31

j. കൈത്തറി, കയറുപിരി ഷെഡ്ഡ് - 23

k. ടവർ - 4

l. ആരാധനാലയം - 119

m. ഹോംസ്റ്റേ - 5

n. മൈക്രോ, സ്മാൾ, മീഡിയം എന്റർപ്രൈസുകൾ - 262

o. കാർഷികം - 69

p. ഇതരം - 198

എന്നാൽ അസസ്സ്മെന്റ് ഡാറ്റാ എൻട്രി സ്റ്റാറ്റസിൽ കാണുന്നത് 2013 നികുതി പരിഷ്കരണത്തിലെ 17,695 കെട്ടിടങ്ങളുടെ ഡാറ്റാ എൻട്രി മാത്രമാണ് നടത്തിയത് എന്നാണ്. 1993 ലെ പരിഷ്കരണ സമയത്തെ കെട്ടിടങ്ങളുടെ എണ്ണം തന്നെ 18,050 ആണ്. ആയതിൽ നിന്ന് തന്നെ 355 കെട്ടിടങ്ങളുടെ എണ്ണം കുറവാണ് ഇപ്പോൾ ഡാറ്റാ എൻട്രി നടത്തിയിരിക്കുന്നത്. പൊളിച്ച് പോയ കെട്ടിടങ്ങൾ ഫീൽഡ് പരിശോധനയിൽ കണ്ടെത്തിയത് ഒഴിവാക്കിയത് കൊണ്ടാണ് ഇങ്ങനെ കുറഞ്ഞതെന്ന പഞ്ചായത്തിന്റെ മറുപടി അംഗീകരിക്കാൻ കഴിയില്ല. ഓരോ വർഷവും പൊളിക്കുന്ന കെട്ടിടങ്ങളേക്കാൾ കൂടുതൽ പുതിയ കെട്ടിടങ്ങൾ വരുന്ന സാഹചര്യത്തിൽ കെട്ടിടത്തിന്റെ എണ്ണം കുറയാനുള്ള സാദ്ധ്യതയില്ല. ഈ സാഹചര്യത്തിൽ ഇനിയും ഒട്ടനവധി കെട്ടിടങ്ങൾ ഡാറ്റാ എൻട്രി നടത്താനുള്ളതായി കാണുന്നു.പ്യൂരിഫിക്കേഷൻ നടത്താനുള്ള കെട്ടിടങ്ങളുടെ ആകെ എണ്ണം 20,372 ആണ് എന്നാണ് കാണുന്നു. അതായത് വിവിധ ഇനം കെട്ടിടങ്ങളുടെ ആകെ എണ്ണം, ഡാറ്റാ എൻട്രി നടത്തിയതിന്റെ ആകെ എണ്ണം, പ്യൂരിഫിക്കേഷൻ നടത്താനുള്ള കെട്ടിടങ്ങളുടെ ആകെ എണ്ണം മൂന്നും മൂന്ന് തരത്തിലാണ് സഞ്ചയയിൽ കാണുന്നത്. ഇതിൽ ഏതെങ്കിലുമൊക്കെ കൃത്യമല്ല എന്ന് വ്യക്തമാണ്. സഞ്ചയ ഡാറ്റകൾ കൃത്യമാക്കാതെ വസ്തു നികുതിയുടെ യഥാർത്ഥ ഡിമാൻഡ്, നികുതി ചോർച്ച എന്നിവ കണ്ടുപിടിക്കാൻ സാദ്ധ്യമല്ല. മേൽ ഡാറ്റകൾ കൃത്യമാക്കാൻ വേണ്ട നടപടികൾ അടിയന്തിരമായി സ്വീകരിക്കേണ്ടതാണ്.

മേൽ സൂചിപ്പിച്ച തെറ്റായ സഞ്ചയ ഡാറ്റയിലേക്ക് വസ്തുനികുതി കണക്കുകൾ ക്രമീകരിക്കാൻ സാംഖ്യ സപ്പോർട്ട് സെല്ലിന്റെ നിർദ്ദേശ പ്രകാരം പഞ്ചായത്തിലെ വസ്തു നികുതി അഡ്വാൻസിലേക്ക് പ്രയർ പിരിയഡിൽ നിന്ന് ജേർണ്ണൽ എൻട്രി നടത്തിയതോടെ പഞ്ചായത്തിലെ വസ്തു നികുതി കണക്കുകളാകെ സാങ്കൽപ്പിക കണക്കുകളിലേക്കെത്തിച്ചിരിക്കുന്നു. കടുങ്ങല്ലൂർ പഞ്ചായത്തിലെ റസിഡൻഷ്യൽ നോൺ റസിഡൻഷ്യൽ അഡ്വാൻസ് ഇനത്തിലെ ബാലൻസ് തുക 2017-18 ബാലൻസ് ഷീറ്റ് പ്രകാരം യഥാക്രമം 14,28,960 രൂപ, 4,68,081 രൂപ എന്നിങ്ങനെയാണ്. 2017-18 ൽ റസിഡൻഷ്യൽ വസ്തു നികുതി ഇനത്തിൽ 18,009 രൂപ അഡ്വാൻസ് ആയി ലഭിച്ചു. നോൺ റസിഡൻഷ്യൽ ഇനത്തിൽ അഡ്വാൻസ് ലഭിച്ചില്ല. 4,39,627 രൂപ റസിഡൻഷ്യൽ വസ്തുനികുതിയിലും 7,75,457 രൂപ നോൺ റസിഡൻഷ്യൽ വസ്തു നികുതിയിലും അഡ്വാൻസിൽ നിന്ന് ക്രമീകരിച്ചിരുന്നു. ആയത് പ്രകാരം അഡ്വാൻസ് ബാലൻസ് 2018-19 ബാലൻസ് ഷീറ്റിൽ കുറയേണ്ടതായിരുന്നു.എന്നാൽ 2018-19 ബാലൻസ് ഷീറ്റ് പ്രകാരം റസിഡൻഷ്യൽ വസ്തുനികുതി അഡ്വാൻസ് 19,30,200 രൂപയായും നോൺ റസിഡൻഷ്യൽ അഡ്വാൻസ് 11,24,679 രൂപയായും വർദ്ധിച്ചതായാണ് കാണുന്നത്. ഇങ്ങനെ അഡ്വാൻസ് ക്രമീകരിച്ചതിനും ജേർണ്ണൽ ചെയ്തതിനും കൃത്യമായ നടപടി ക്രമങ്ങൾ പാലിക്കുകയോ ബിൽഡിംഗ് നമ്പർ സഹിതമുള്ള കണക്കുകൾ തയ്യാറാക്കി സൂക്ഷിക്കുകയോ ചെയ്തിട്ടില്ല. വേക്കൻസി റമിഷൻ, വിമുക്തഭടൻമാർക്ക് നൽകുന്ന വസ്തുനികുതി ഇളവുകൾ എന്നിവയും കണക്കിലെടുത്തിട്ടില്ല.

മറ്റൊരു പ്രധാന അപാകത പഞ്ചായത്തിലെ വൻ നികുതി ചോർച്ചയാണ്. എടയാർ വ്യവസായ മേഖലയിലെ പല സ്ഥാപനങ്ങൾ പഞ്ചായത്തിന്റെ അസസ്സ്മെന്റ് രജിസ്റ്ററിൽ ഇല്ല. കെട്ടിട നികുതി ഇനത്തിൽ മാത്രമല്ല തൊഴിൽ നികുതി, ലൈസൻസ് ഇനങ്ങളിലെ നഷ്ടവും വലുതാണ്.അസസ്സ്മെന്റ് രജിസ്റ്ററിൽ ഉള്ള കെട്ടിടങ്ങൾ പോലും ഫീൽഡ് പരിശോധന നടത്തി ഡാറ്റാ എൻട്രി ചെയ്യാത്തതിനാൽ കെട്ടിടങ്ങളുടെ വിപുലീകരണം നടന്നിട്ടുണ്ടെങ്കിൽ ആ ഇനത്തിലും നികുതി നഷ്ടം ഉണ്ടാകുന്നു. പ്രസ്തുത വിഷയത്തിൽ പഞ്ചായത്ത് ഒരു ഉപസമിതി രൂപീകരിച്ചിട്ടുണ്ടെങ്കിലും കാര്യമായ പ്രവർത്തനങ്ങളൊന്നും നടന്നിട്ടില്ല. മേഖലയിലെ പല കെട്ടിടങ്ങളെല്ലാം മൈക്രോ സ്മാൾ മീഡിയം എന്റർപ്രൈസ് (എം.എസ്.എം.ഇ) വിഭാഗത്തിൽ പെടുന്നതാണ്. വിവിധ തരത്തിലുള്ള ഇളവുകൾ വിവിധ കാലയളവുകളിലേക്ക് ലഭ്യമായ സ്ഥാപനങ്ങളാണ് പലതും. ആയതെല്ലാം വിശദമായി പരിശോധിക്കേണ്ടതുണ്ട്. ഭരണസമിതിയുടെ സക്രിയമായ ഇടപെടലില്ലാതെ മേൽ നികുതി ചോർച്ചയുടെ ആഴം മനസ്സിലാക്കാനും പരിഹരിക്കാനും കഴിയില്ല എന്നതിനാൽ ഭരണസമിതിയുടെ സജീവ ഇടപെടലുണ്ടാകേണ്ടതാണ്.

## 1-13 തൊഴിൽ നികുതി-അപാകതകൾ

1) പഞ്ചായത്ത് പരിധിയിൽ പ്രവർത്തിയ്ക്കുന്ന സ്ഥാപനങ്ങളുടെ ലിസ്റ്റ് തയ്യാറാക്കി അതു പ്രകാരം തൊഴിൽ നികുതി രജിസ്റ്റർ എഴുതി സൂക്ഷിയ്ക്കുന്നില്ല. എല്ലാ വർഷവും പുതിയ സ്ഥാപനങ്ങളെ ഉൾപ്പെടുത്തി വാർഡ് തിരിച്ച് സ്ഥാപന ലിസ്റ്റ് പുതുക്കേണ്ടതും ഈ ലിസ്റ്റ് പ്രകാരം രജിസ്റ്റർ എഴുതി ഡി സി ബി പത്രിക തയ്യാറാക്കേണ്ടതുമാണ്. സാംഖ്യാ അക്കൌണ്ട് പ്രകാരം തൊഴിൽ നികുതി അടച്ച സ്ഥാപനങ്ങളുടെ വിവരങ്ങൾ മാത്രം ലൈസൻസ് രജിസ്റ്ററിൽ എഴുതി സൂക്ഷിയ്ക്കുകയാണ് ചെയ്യുന്നത്. രജിസ്റ്റർ പ്രകാരമുള്ള വരവും സാംഖ്യാ അക്കൌണ്ട് പ്രകാരമുള്ള വരവും റികൺസൈൽ ചെയ്തിട്ടില്ല. ആയതിനാൽ പ്രവർത്തിയ്ക്കുന്ന എല്ലാ സ്ഥാപനങ്ങളും സ്ഥാപന തൊഴിൽ നികുതിയോ ജീവനക്കാരുടെ തൊഴിൽ നികുതിയോ അടച്ചിട്ടുണ്ടോ എന്ന് ഉറപ്പാക്കാനായിട്ടില്ല. ചെറുതും വലുതുമായ ധാരാളം നിർമ്മാണ കമ്പനികളും വ്യാപാര സ്ഥാപനങ്ങളും പ്രവർത്തിയ്ക്കുന്ന പഞ്ചായത്തിൽ തൊഴിൽ നികുതി പിരിച്ചെടുക്കുന്നതിൽ വീഴ്ച വരുത്തിയിട്ടുള്ളതായി കാണുന്നു.

(2) പഞ്ചായത്ത് പരിധിയിൽ പ്രവർത്തിയ്ക്കുന്ന താഴെ ചേർത്ത സ്ഥാപനങ്ങളിലെ ജീവനക്കാരുടെ തൊഴിൽ നികുതി ഈടാക്കിയതായി കാണുന്നില്ല.

| ക്രമ നം | സ്ഥാപനം | അർദ്ധവർഷം |
|---|---|---|
| 1 | കൊച്ചി കാസ്റ്റിങ്ങ് &മാനുഫാക്ചറിങ്ങ് | I&IInd |
| 2 | പ്രൈമ അഗ്രോ ലിമിറ്റ് | &IInd |
| | | |

| | | |
|---|---|---|
| 3 | ശ്രീ ശക്തി പേപ്പർ മിൽസ് | &IInd |
| 4 | ഗോദ്റെജ് കൺസ്യൂമെർ പ്രോഡക്ട്സ് | &IInd |
| 5 | കൊച്ചിൻ ഗ്യാസ്കറ്റസ് | I&IInd |
| 6 | ഇഎം ജി എം എഞ്ചിനീയറിങ്ങ് കൺസൾട്ടന്റസ് | I&IInd |
| 7 | കേരള സിവിൽ സപ്ലൈസ് കോർപറേഷൻ | I&IInd |
| 8 | മാർഡ്രെ ആർ കെ റബർ ലിമിറ്റഡ് | I&IInd |
| 9 | ഞാവേലിൽ ലാറ്റെക്സ് | I&IInd |
| 10 | പുതുശ്ശേരി ബിൽഡേഴ്സ് | I&IInd |
| 11 | ട്രാവൻകൂർ കെമിക്കൽ ഇൻഡസ്ട്രീസ് | I&IInd |
| 12 | ടി വി എസ് ലോജസ്റ്റിക്സ് ലിമിറ്റഡ് | I&IInd |
| 13 | അൾട്രാ ടെക് സിമന്റ് | I&IInd |
| 14 | പി എസ് എൻ യൂസ്ഡ് വെഹിക്കിൾസ് | IInd |
| 15 | ശ്രീ ശ്രീനിവാസ് റോളർ ഫ്ലോർ മിൽസ് | IInd |
| 16 | ഗ്രീൻ ഫീൽഡ് കെമിക്കൽസ് & ഫുട്ട് വിയേർസ് | IInd |
| 17 | ജ്യോതിസ് ഇൻഡസ്ട്രീസ് | IInd |
| 18 | ജ്യോതി കെമിക്കൽ ഇൻഡസ്ട്രീസ് | IInd |
| 19 | മിഡിൽ ഈസ്റ്റ് റബർ എഞ്ചിനീയറിങ്ങ് | IInd |
| 20 | യുണൈറ്റഡ് എഞ്ചിനീയറിങ്ങ് വർക്കസ് | IInd |
| 21 | പനങ്ങാട്ട് പ്ലോളിമർ പാക്കേജിങ്ങ് | I&IInd |
| 22 | അർജുന നാച്യുറൾ ലിമിറ്റഡ് | I&IInd |
| 23 | ഹൽദി ഓട്ടോമേഷൻ ലിമിറ്റഡ് | Ist |
| 24 | സിന്ന ഓപ്ഷൻസ് | Ist |

(3) പഞ്ചായത്ത് പരിധിയിൽ പ്രവർത്തിയ്ക്കുന്ന താഴെ ചേർത്ത സ്ഥാപനങ്ങളുടെ സ്ഥാപന തൊഴിൽ നികുതി ഈടാക്കിയതായി കാണുന്നില്ല.

| ക്രമ നം | ലൈസൻസ് നം | സ്ഥാപനം/ ഉടമസ്ഥൻ | അർദ്ധവർഷം |
|---|---|---|---|
| 1 | 8 | ഇൻഡോ ജർമൻ കാർബൺ ലിമിറ്റഡ് | I&IInd |
| 2 | 9 | റഫ്കോ കണ്ടെയ്നർ | I&IInd |
| 3 | 10 | പെട്ട ഹാർഡ് വെയർ | I&IInd |
| 4 | 26 | ആംകോസ് | I&IInd |
| 5 | 42 | മൂസ | I&IInd |
| 6 | 56 | ഉഷ | I&IInd |
| 7 | 61 | ഷിബു | I&IInd |

| | | | |
|---|---|---|---|
| 8 | 70 | ഉദയൻ | I&IInd |
| 9 | 79 | ടി ടി കെ പ്രസ്റ്റീജ് | I&IInd |
| 10 | 84 | നെപ്റ്റ്യൂൺ റെഡിമിക്സ് | I&IInd |
| 11 | 104 | രമേഷ് | I&IInd |
| 12 | 105 | കിഷോർ | I&IInd |
| 13 | 109 | ഷെഫീൽഡ് പ്ലാസ്റ്റിക്സ് | IInd |
| 14 | 318 | കൊച്ചിൻ സർഫ്ക്കന്ററസ് | I&IInd |
| 15 | 327 | പാർവതി | I&IInd |
| 16 | 328 | പഘന്തിക്കൽ സ്റ്റോർസ് | I&IInd |
| 17 | 332 | അശ്വതി എഞ്ചിനീയറിങ്ങ് വർക്സ് | I&IInd |
| 18 | 343 | സാം ബുക്സ് | I&IInd |
| 19 | 345 | അൻവർ | I&IInd |
| 20 | 354 | നിറം ഫാഷൻ | I&IInd |
| 21 | 355 | ഇബ്രാഹിം | I&IInd |
| 22 | 359 | അബ്ദുൾ ഖാദർ | I&IInd |
| 23 | 385 | മാനേജർ | I&IInd |
| 24 | 390 | ഈറ്റ് വെൽ സൂപ്പർ സ്റ്റോർ | I&IInd |
| 25 | 406 | ടെന്നി ജോസ് | I&IInd |
| 26 | 407 | ശ്രീ ഭഗവതി ട്രേഡേഴ്സ് | I&IInd |
| 27 | 422 | ഞാവേലിൽ ലാറ്റക്സ് | I&IInd |
| 28 | 427 | ഫാത്തിമ സ്റ്റോർസ് | I&IInd |
| 29 | 428 | ഉസ്മാൻ | I&IInd |
| 30 | 439 | റബർ ഒ മലബാർ പ്രോഡക്ട്സ് | I&IInd |

അപാകതയ്ക്കുള്ള മറുപടിയിൽ 2017-18 വർഷത്തെ ഫീസ് അടച്ച വിവരങ്ങളാണ് ലഭ്യമാക്കിയത്. 2018-19 വർഷത്തെ ഫീസ് ഈടാക്കി അറിയിക്കേണ്ടതാണ്.

4. ഓഡിറ്റ് എൻക്വയറിയ്ക്കുള്ള മറപടിയിൽ അപാകതകൾ പരിഹരിക്കുന്നതാണ് എന്നറിയിച്ചു. തൊഴിൽ നികുതിയും ലൈസൻസ് ഫീ ഈടാക്കുന്നത് സംബന്ധിച്ചും രജിസ്റ്ററുകൾ സൂക്ഷിക്കുന്നതു സംബന്ധിച്ചും 2016-17, 2017-18 വർഷങ്ങളിലെ ഓഡിറ്റ് റിപ്പേർട്ടിലെ നിർദ്ദേശങ്ങൾ നടപ്പിൽ വരുത്തിയതായി കാണുന്നില്ല. ഇക്കാരണത്താൽ തൊഴിൽ നികുതി അടക്കാതെ പ്രവർത്തിയ്ക്കുന്ന സ്ഥാപനങ്ങളെ കണ്ടെത്തുന്നതിനോ, തുടർ നടപടികൾ സ്വീകരിക്കുന്നതിനോ കഴിയുന്നില്ല. ഇത്തരത്തിൽ സ്ഥാപനങ്ങൾ പ്രർത്തിക്കുന്നത് പഞ്ചായത്തിന് വരുമാനനഷ്ടത്തിന് ഇടയാക്കുന്നു. സ്ഥല പരിശോധന നടത്തി വാർഡ് തിരിച്ചു ട്രേഡേഴ്സ് ലിസ്റ്റം സ്ഥാപന ലിസ്റ്റും തയ്യാറാക്കേണ്ടതും ലിസ്റ്റിലെ ക്രമ പ്രകാരം തന്നെ രജിസ്റ്റർ എഴുതി സൂക്ഷിക്കേണ്ടതും രജിസ്റ്റർ പ്രകാരമുള്ള വരവും സാംഖ്യാഅക്കൗണ്ട് പ്രകാരമുള്ള വരവും റികൺസൈൽ ചെയ്ത് കൃത്യത ഉറപ്പുവരുത്തേണ്ടതുമാണ്. മുൻവർഷ ഓഡിറ്റ്റിപ്പോർട്ടുകളിൽ അപാകതകൾ പരിഹരിക്കുന്നതിന് തുടർച്ചയായി നിർദേശിച്ചിട്ടും പാലിക്കാത്തത് ഗുരുതര വീഴ്ചയായി ഓഡിറ്റ് വിലയിരുത്തുന്നു. തൊഴിൽ നികുതി ഈടാക്കുന്നത് സംബന്ധിച്ചും രജിസ്റ്ററുകൾ സൂക്ഷിക്കുന്നതു സംബന്ധിച്ചും പഞ്ചായത്ത് കമ്മിറ്റി അടിയന്തിര നടപടികൾ സ്വീകരിക്കേണ്ടതും നിർദേശങ്ങൾ പാലിക്കുന്നു എന്ന് ഉറപ്പുവരുത്തുന്നതിനായി വകുപ്പുതല നടപടികൾ സ്വീകരിച്ച് അറിയിക്കേണ്ടതുമാണ്.

## 1-14 തൊഴിൽ നികുതി ഈടാക്കുന്നതുമായി ബന്ധപ്പെട്ട മറ്റ് അപാകതകൾ

1. പഞ്ചായത്തിൽ പരിധിയിൽ പ്രവർത്തിയ്ക്കുന്ന താഴെ ചേർത്ത സ്ഥാപനങ്ങളിൽ നിന്ന് തൊഴിൽ നികുതി ഈടാക്കിയതായി കാണുന്നില്ല.

| ക്രമ നം | സ്ഥാപനം | അർദ്ധവർഷം |
|---|---|---|
| 1 | നഷണൽ ഇൻഷൂറൻസ് മുപ്പത്തടം | I&IInd |
| 2 | യുണൈറ്റഡ് ഇൻഷൂറൻസ് വെസ്റ്റ് കടുങ്ങല്ലൂർ | I&IInd |
| 3 | ശ്രീ ശങ്കര ഓഡിറ്റോറിയം കിഴക്കെ കടുങ്ങല്ലൂർ | I&IInd |
| 4 | സീറ്റ സ്റ്റാർ കോച്ചിങ്ങ് സെന്റർ കിഴക്കെ കടുങ്ങല്ലൂർ | I&IInd |
| 5 | പഴശ്ശി വാഹന പുക പരിശോധനകേന്ദ്രം, മുപ്പത്തടം | I&IInd |
| 6 | പെർഫെക്ട് ടാലി അക്കാഡമി, മുപ്പത്തടം | I&IInd |
| 7 | മാർക്ക് അക്കാഡമി, മുപ്പത്തടം | I&IInd |
| 8 | മുപ്പത്തടം ചിട്ട് ഫണ്ട്, മുപ്പത്തടം | I&IInd |
| 9 | ഏലൂർ ചിട്ട് ഫണ്ട്, മുപ്പത്തടം | I&IInd |
| 10 | ശ്രീപാദം നൃത്ത കലാക്ഷേത്രം, മുപ്പത്തടം | I&IInd |
| 11 | ശ്രീ ഗൗരി സംഗീത വിദ്യാലയം, മുപ്പത്തടം | I&IInd |
| 12 | സ്റ്റേറ്റ് ബാങ്ക് ഓഫ് ഇൻഡ്യ | I&IInd |
| 13 | ഏലൂർക്കര സർവ്വീസ് സഹകരണ ബാങ്ക (ഉളിയന്നൂർ ബ്രാഞ്ച്) | I&IInd |
| 14 | കടുങ്ങല്ലൂർ സർവ്വീസ് സഹകരണ ബാങ്ക (ഉളിയന്നൂർ ബ്രാഞ്ച്) | I&IInd |

മേൽസ്ഥാപനങ്ങളിൽ നിന്ന് സ്ഥാപന തൊഴിൽ നികുതി ജീവനക്കാരുടെ തൊഴിൽ നികുതിയും ഈടാക്കി അറിയിക്കേണ്ടതാണ്.

2. പഞ്ചായത്ത് പരിധിയിൽ പ്രവർത്തിയ്ക്കുന്ന റേഷൻ കടകൾ. കംപ്യൂട്ടർ സെന്ററുകൾ, അക്ഷയ സെന്ററുകൾ, കള്ളു ഷാപ്പുകൾ മുതലായ സ്ഥാപനങ്ങളിൽ നിന്ന് സ്ഥാപന നികുതി ഈടാക്കിയിട്ടില്ല. ഇത്തരം സ്ഥാപനങ്ങളിൽ നിന്ന് സ്ഥാപന തൊഴിൽ നികുതി ജീവനക്കാരുടെ തൊഴിൽ നികുതിയും ഈടാക്കുന്നതിനുള്ള അടിയന്തിര നടപടികൾ സ്വീകരിക്കേണ്ടതാണ്.

3. 2018-19 സാമ്പത്തിക വർഷം പഞ്ചായത്തിൽ മരാമത്ത് വേലകൾ നടത്തിയ കരാറുകാരിൽ നിന്നും സ്വാകാര്യ ഡേക്ടർമാർ, ചാർട്ടേർഡ് അക്കൗണ്ടർമാർ മറ്റ് പ്രഫഷണൽ സ്ഥാപനങ്ങളിൽ നിന്നും നികുതി ഈടാക്കി അറിയിക്കേണ്ടതാണ്.

4. പഞ്ചായത്തിൽ സ്ഥിതി ചെയ്യുന്ന എടയാർ വ്യവസായ എസ്റ്റേറ്റില വ്യവസായ സ്ഥാപനങ്ങളിൽ നിന്നും തൊഴിൽ നികുതി ഈടാക്കി അറിയിക്കേണ്ടതാണ്.

5. 2018-19 സാമ്പത്തിക വർഷം ലൈസൻസ് എടുത്ത് പ്രവർത്തിച്ച താഴെ ചേർത്ത സ്ഥാപനങ്ങൾ ജീവനക്കാരുടെ തൊഴിൽ നികുതി ഒടുക്കിയതായി കാണുന്നില്ല.

| ക്രമ നം | ലൈസൻസ് നം | സ്ഥാപനം | | അർദ്ധവർഷം |
|---|---|---|---|---|
| | | | | |

| | | | | |
|---|---|---|---|---|
| 1 | 132 | ചന്ദ്രിക ഫുഡ് & ബിവറേജസ് | 10 | I&IInd |
| 2 | 306 | റോയൻ മാർട്ട് സൂപ്പർ മാർക്കറ്റ് | 6 | I&IInd |
| 3 | 362 | ഫൈൻ ടെക് കോർപറേഷൻ (പി)ലിമിറ്റഡ് | 3 | I&IInd |
| 4 | 363 | റിയലൻസ് റീടെയിൽസ് | 3 | IInd |
| 5 | 389 | ആര്യഭംഗി മോട്ടേർസ് | 7 | I&IInd |
| 6 | 393 | ക്ലാസിവ ഗ്രൂപ്പ് | 5 | I&IInd |
| 7 | 407 | ശ്രീ ഭഗീരഥി ട്രേഡേർസ് | 6 | I&IInd |
| 8 | 424 | താമരച്ചാൽ പോളിമേർസ് | 9 | IInd |
| 9 | 425 | ജെ ജെ പ്ലാസ്റ്റിക്സ് | 8 | I&IInd |
| 10 | 447 | ശ്രീ നാരായണ ഫർണിച്ചർ & ടിമ്പർ മാർട്ട് | 4 | I&IInd |
| 11 | 474 | ദീപക് ഗ്ലാസ്സ് വർക്കസ് | 5 | I&IInd |
| 12 | 486 | എ വി എ നാച്ചുറൽസ് | - | I&IInd |
| 13 | 498 | യൂറോ പോളിമേർസ് | 5 | I&IInd |
| 14 | 505 | ജെ & എഫ് എന്റർ പ്രൈസസ് | 4 | I&IInd |
| 15 | 511 | സേഫ് എക്സ്പ്രസ് | - | I&IInd |
| 16 | 516 | സൂര്യ പ്രിന്റ് & പാക്കേജിങ്ങ് | 3 | I&IInd |
| 17 | 536 | ക്ളാസിക് കൺസെപ്റ്റ്സ് | 5 | I&IInd |
| 18 | 546 | ഹരിത സ്പൈസസ് | 7 | I&IInd |
| 19 | 592 | ഇ ക്രോം എക്സ്പ്രസ്(പി)ലിമിറ്റഡ് | 20 | I&IInd |

മേൽ സ്ഥാപനങ്ങളിൽ നിന്ന് തൊഴിൽ നികുതി ഈടാക്കി അറിയിക്കേണ്ടതാണ്. ഓഡിറ്റ് എൻക്വയറിയ്ക്ക് മറുപടി നൽകിയിട്ടില്ല.

## 1-15 ലൈസൻസ് ഫീ -അപാകതകൾ

1. പഞ്ചായത്ത് പരിധിയിൽ പ്രവർത്തിയ്ക്കുന്ന എല്ലാ സ്ഥാപനങ്ങളുടെയും ലിസ്റ്റ് തയ്യാറാക്കി അതു പ്രകാരം ലൈസൻസ് രജിസ്റ്റർ എഴുതി സൂക്ഷിയ്ക്കുന്നില്ല. സ്ഥാപനങ്ങളുടെയും ലിസ്റ്റ് തയ്യാറാക്കി സാഖ്യാ അക്കൌണ്ട് പ്രകാരം ലൈസൻസ് ഫീ അടവാക്കിയ സ്ഥാപനങ്ങളെ മാത്രം ചേർത്ത് രജിസ്റ്റർ എഴുതി തയ്യാറാക്കുന്നതിനാൽ പ്രവർത്തിയ്ക്കുന്ന സ്ഥാപനങ്ങൾ എല്ലാം ലൈസൻസ് എടുത്തിട്ടുണ്ടോ എന്ന് ഉറപ്പാക്കാനായിട്ടില്ല.

2. 1996 ലെ കേരള പഞ്ചായത്ത് രാജ് (ആപൽക്കരവും അസഹ്യവുമായ വ്യാപാരങ്ങൾക്കും വ്യവസായങ്ങൾക്കും ലൈസൻസ് നൽകൽ) ചട്ടങ്ങൾ 31-10-2017 ലെ ജി. ഒ (പി) 80/2017/ എൽ.എസ്.ജി.ഡി ഉത്തരവ് പ്രകാരം ഭേദഗതി വരുത്തിയിട്ടുള്ളതും മേൽ ഉത്തരവു പ്രകാരം ലൈസൻസ് ഫീസ് നിശ്ചയിക്കുന്നതിനുള്ള നിലവിലുണ്ടായിരുന്ന ഷെഡ്യൂൾ 2 ന് പകരം പുതിയ ഷെഡ്യൂൾ 2 ആണ് ഉൾപ്പെടുത്തിയിരിക്കുന്നത്. ഇതു പ്രകാരം സ്ഥാപനങ്ങളെ ഉത്പാദനം, സേവനം എന്നീ മേഖലകളിൽ മൂലധന നിക്ഷേപത്തിന്റെ അടിസ്ഥാനത്തിൽ തരം തിരിച്ച് മൈക്രോ, മിനി, സ്മാൾ, മീഡിയം, ലാർജ് സ്ഥാപനങ്ങൾക്ക് യഥാക്രമം 500/-, 1000/- 5000/-, 10000/- 15000/- എന്ന പരമാവധി നിരക്കാണ് നിശ്ചയിച്ചിട്ടുള്ളത്. ലൈസൻസ് ഫീസ് വരവ് പരിശോധിച്ചതിൽ മേൽ ഉത്തരവിനേക്കാൾ കുറഞ്ഞ നിരക്കിൽ ലൈസൻസ് ഫീസ് ഈടാക്കിയിട്ടുള്ളതായി കാണുന്നു. മേൽ ഉത്തരവ് പ്രാബല്യത്തിൽ വരുത്തുന്നതിനായും ലൈസൻസ് ഫീസ് നിശ്ചയിക്കുന്നതിനായി സ്ഥാപനങ്ങളെ മൂലധന നിക്ഷേപത്തിന്റെ അടിസ്ഥാനത്തിൽ മൈക്രോ, മിനി, സ്മാൾ, മീഡിയം, ലാർജ് എന്ന് തരം തിരിക്കുന്നതിനുള്ള മൂലധന നിക്ഷേപം കണക്കാക്കുന്നതിനുള്ള മാനദണ്ഡം നിശ്ചയിക്കുന്നതിനും പഞ്ചായത്ത് കമ്മിറ്റി തിരുമാനമടുത്തിട്ടുണ്ടെങ്കിൽ ആയത് ലഭ്യമാക്കേണ്ടതാണ് എന്നറിയിച്ചെങ്കിലും

മറുപടിയിൽ വ്യാപാരികളുമായി ചർച്ച ചെയ്തതു പ്രകാരമാണ് കുറഞ്ഞ നിരക്കിൽ ഈടാക്കിയത് എന്ന് മാത്രമാണ് അറിയിച്ചിട്ടുള്ളത്. കമ്മിറ്റി തിരുമാനമില്ലാതെ തന്നെ 2018-19 വർഷം ധാരാളം സ്ഥാപനങ്ങൾ ചട്ടത്തിൽ പറഞ്ഞിരിക്കുന്നതിനേക്കാൾ കുറഞ്ഞ നിരക്കായ 300/-, 2000/- മുതലായ നിരക്കുകളിൽ ലൈസൻസ് ഫീ ഈടാക്കിയതായി കാണുന്നു. ഇത് ചട്ട വിരുദ്ധവും വരുമാന നഷ്ടത്തിനും ഇടയാക്കിയിട്ടുണ്ട്. ആയതിനാൽ എല്ലാ സ്ഥാപനങ്ങളിൽ നിന്നും ബാക്കി തുക കൂടി ഈടാക്കി അറിയിക്കേണ്ടതാണ്.

3. നഗരസഭാപരിധിയിൽ വാണിജ്യ ആവശ്യങ്ങൾക്കുള്ള കെട്ടിടങ്ങളുടെ എണ്ണത്തിലും ലൈസൻസ് എടുത്തിട്ടുള്ള സ്ഥാപനങ്ങളുടെ എണ്ണത്തിലും ഗണ്യമായ വ്യത്യാസം കാണുന്നു. പഞ്ചായത്തിൽ വിവിധ ആവശ്യങ്ങൾക്കായി വസ്തു നികുതി നിർണ്ണയിച്ച കെട്ടിടങ്ങളുടെ വാർഡ് തിരിച്ചുള്ള എണ്ണം ലഭ്യമാക്കിയതനുസരിച്ച് വാണിജ്യ വ്യവസായ ആവശ്യങ്ങൽക്കായി കെട്ടിടങ്ങൾ വസ്തു നികുതി നിർണ്ണയം നടത്തിയിട്ടുള്ളതായി കാണുന്നു. ലൈസൻസ് രജിസ്റ്റർ പ്രകാരം ആകെ 723 സ്ഥാപനങ്ങളാണ് ലൈസൻസ് ഫീ അടച്ചിട്ടുള്ളത്.

4. 1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം സെക്ഷൻ 233 ബി പ്രകാരം അതേ സെക്ഷനിലെ ഉപഖണ്ഡിക (എച്ച്), (ഐ) അനുസരിച്ച് പഞ്ചായത്തിന്റെ അനുമതി ആവശ്യമില്ലാത്ത വ്യവസായ യൂണിറ്റുകളുടെ കാര്യത്തിൽ വ്യവസായ യൂണിറ്റുകളുടെ ഉടമസ്ഥൻ, നിർണ്ണയിക്കപ്പെട്ട പ്രകാരമുള്ള ഫീസടച്ച് പ്രസ്തുത യൂണിറ്റ് രജിസ്റ്റർ ചെയ്യേണ്ടതാണ് എന്ന് പറഞ്ഞിട്ടുള്ളതാണ്. പഞ്ചായത്തിൽ സ്ഥിതി ചെയ്യുന്ന എടയാർ വ്യവസായ എസ്റ്റേറ്റില വ്യവസായ സ്ഥാപനങ്ങൾ ഇത്തരത്തിൽ റജിസ്റ്റർ ചെയ്യുന്നുണ്ടങ്കിൽ അറിയിക്കേണ്ടതാണ്. വ്യവസായ എസ്റ്റേറ്റിന്റെ കൃത്യമായ അതിർത്തിയും വ്യവസായ എസ്റ്റേറ്റിൽ പ്രവർത്തിയ്ക്കുന്ന വ്യവസായ സ്ഥാപനങ്ങളുടെ വിശദാംശങ്ങളും കെട്ടിട നമ്പർ സഹിതം അറിയിക്കേണ്ടതാണ് എന്നാവശ്യപെട്ടെങ്കിലും വിശദാംശങ്ങൾ ലഭ്യമല്ല എന്നറിയിച്ചു. 2018-19ൽ എടയാർ വ്യവസായ എസ്റ്റേറ്റില വ്യവസായ സ്ഥാപനങ്ങൾ അടച്ച ലൈസൻസ് ഫീസിന്റെ വിശദാംശങ്ങൾ അറിയിക്കേണ്ടതാണ്.

5. ലൈസൻസ് ഫീ ഈടാക്കുന്നത് സംബന്ധിച്ചും രജിസ്റ്ററുകൾ സൂക്ഷിക്കുന്നതു സംബന്ധിച്ചും 2016-17, 2017-18 വർഷങ്ങളിലെ ഓഡിറ്റ് റിപ്പോർട്ടിലെ നിർദേശങ്ങൾ നടപ്പിൽ വരുത്തിയതായി കാണുന്നില്ല. ഇക്കാരണത്താൽ ലൈസൻസ് എടുക്കാതെ പ്രവർത്തിയ്ക്കുന്ന സ്ഥാപനങ്ങളെ കണ്ടെത്തുന്നതിനോ, തുടർ നടപടികൾ സ്വീകരിക്കുന്നതിനോ കഴിയുന്നില്ല. ലൈസൻസ് ഇല്ലാതെ സ്ഥാപനങ്ങൾ പ്രർത്തിക്കുന്നത് നിയമവിരുദ്ധവും പഞ്ചായത്തിന് വരുമാനനഷ്ടത്തിന് ഇടയാക്കുകയും ചെയ്യുന്നു. സ്ഥല പരിശോധന നടത്തി വാർഡ് തിരിച്ചു സ്ഥാപന ലിസ്റ്റുകൾ തയ്യാറാക്കേണ്ടതും ലിസ്റ്റിലെ ക്രമ പ്രകാരം തന്നെ രജിസ്റ്റർ എഴുതി സൂക്ഷിക്കേണ്ടതും രജിസ്റ്റർ പ്രകാരമുള്ള വരവും സാധ്യാ അക്കൗണ്ട് പ്രകാരമുള്ള വരവും റികൺസൈൽ ചെയ്ത് കൃത്യത ഉറപ്പുവരുത്തേണ്ടതുമാണ്. മുൻവർഷ ഓഡിറ്റ് റിപ്പോർട്ടുകളിൽ അപാകതകൾ പരിഹരിക്കുന്നതിന് തുടർച്ചയായി നിർദ്ദേശിച്ചിട്ടും പാലിക്കാത്തത് ഗുരുതര വീഴ്ചയായി ഓഡിറ്റ് വിലയിരുത്തുന്നു. ലൈസൻസ് ഫീ ഈടാക്കുന്നത് സംബന്ധിച്ചും രജിസ്റ്ററുകൾ സൂക്ഷിക്കുന്നതു സംബന്ധിച്ചും പഞ്ചായത്ത് കമ്മിറ്റി അടിയന്തിര നടപടികൾ സ്വീകരിക്കേണ്ടതും നിർദേശങ്ങൾ പാലിക്കുന്നു എന്ന് ഉറപ്പുവരുത്തുന്നതിനായി വകുപ്പുതല നടപടികൾ സ്വീകരിച്ച് അറിയിക്കേണ്ടതുമാണ്.

## 1-16 പണമിടപാടുകളില്ലാത്ത ബാങ്ക് അക്കൗണ്ട് ക്ലോസ് ചെയ്യണം

യൂണിയൻ ബാങ്ക് ഓഫ് ഇൻഡ്യ ബിനാനിപുരം ശാഖയിൽ, കടുങ്ങല്ലൂർ ഗ്രാമപഞ്ചായത്ത് സെക്രട്ടറിയുടെ പേരിലുള്ള അക്കൗണ്ടിൽ (നം.338302010008754) 31.03.2019ൽ 1,97,658/- രൂപ നീക്കിയിരിപ്പുണ്ട്. 2008ന് ശേഷം പലിശ വരവല്ലാതെ മറ്റ് പണമിടപാടുകളൊന്നുമില്ല. ഹഡ്കോ -ജനകീയ ഭവനപദ്ധതിയുമായി ബന്ധപ്പെട്ട് തുടങ്ങിയ അക്കൗണ്ടാണിത്. പ്രത്യേക ആവശ്യത്തിനുവേണ്ടി തുടങ്ങിയതും പണമിടപാടുകളില്ലാത്തതുമായ അക്കൗണ്ടുകൾ ക്ലോസ് ചെയ്ത് തുക തിരിച്ചടക്കണമെന്നുമുള്ള സർക്കാർ നിർദ്ദേശമുള്ളതാണ്. ഹഡ്കോ-

ജനകീയ ഭവനപദ്ധതി നിലവിലില്ലാത്തതിനാൽ തുക തിരിച്ചടക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതും വിവരം ഓഡിറ്റിനെ അറിയിക്കേണ്ടതുമാണ്.

## 1-17 ബാങ്ക് അക്കൗണ്ട്-ധനകാര്യ പത്രികയിൽ ഉൾപെടുത്തിയിട്ടില്ല

1. ഗ്രാമ പഞ്ചായത്തിലെ 2008-09 വാർഷിക പദ്ധതിയിൽ ഉൾപെടുത്തി അനുമതി നൽകിയ ആംബുലൻസിന്റെ പരിപാലനവും നടത്തിപ്പ് ചുമതലയും നേരിട്ട് നടത്തുന്നതിന് സർക്കാർ ഉത്തരവ് -(സാധാ)നം 627/2018/തസ്വഭവ തീ 6-3-18 പ്രകാരം അനുമതി നൽകിയിട്ടുള്ളതാണ്. ആംബുലൻസിന്റെ പരിപാലത്തിനായി മുപ്പത്തടം സർവീസ് സഹകരണ ബാങ്കിലെ അക്കൗണ്ട് നം 8595 പ്രകാരം 14-3-18-ൽ 8622/ രൂപ മിച്ചമുണ്ടായിരുന്നത് പഞ്ചായത്തിന്റെ ധനകാര്യ പത്രികയിൽ ഉൾപെടുത്തിയിട്ടില്ല. ഈ അക്കൗണ്ടുമായി ബന്ധപ്പെട്ട് പിൻവലിച്ചിട്ടുള്ള തുകകളുടെ വൗച്ചറുകൾ പരിശോധനക്കായി നൽകിയിട്ടില്ല. 31-3-19 ലെ നീക്കിയിരുപ്പ് 4624/-രൂപയാണ്. ചെലവു രേഖകൾ പരിശോധനക്കായി ഹാജരാക്കേണ്ടതും അക്കൗണ്ട് നീക്കിയിരിപ്പ് തുക ധനകാര്യ പത്രികയിൽ ഉൾപെടുത്തി അറിയിക്കേണ്ടതാണ്.

2. ആംബുലൻസ് പഞ്ചായത്തിന്റെ ആസ്തിയായി ആസ്തി രജിസ്റ്ററിലും ധനകാര്യ പത്രികയിലും ഉൾപെടുത്തി അറിയിക്കേണ്ടതാണ്.

18.12.2019 ലെ 16-ാം നമ്പർ ഓഡിറ്റ് എൻക്വയറിയ്ക്കുള്ള മറപടിയിൽ അപാകതകൾ പരിഹരിക്കുന്നതാണ് എന്നറിയിച്ചു.

## 1-18 ദുരിതാശ്വാസ നിധി കാര്യക്ഷമമാക്കണം

2003 ലെ കേരള പഞ്ചായത്ത് രാജ് (ദുരിതാശ്വാസ നിധി രൂപീകരണവും വിനിയോഗവും) ചട്ടങ്ങൾ പ്രകാരം ദുരിത നിവാരണാർത്ഥം ഗ്രാമപഞ്ചായത്ത് പ്രദേശങ്ങളിൽ നിവസിക്കുന്ന നിർദ്ധനരായ വ്യക്തികൾക്ക് അടിയന്തിര സഹായം നൽകുന്നതിന് ഓരോ ഗ്രാമപഞ്ചായത്തിനും ഗ്രാമപഞ്ചായത്തിന്റെ മറ്റ് ഫണ്ടുകളിൽ നിന്ന് വേറിട്ട് സൂക്ഷിക്കുന്ന ഒരു ദുരിതാശ്വാസനിധി രൂപീകരിക്കാവുന്നതാണ് എന്ന് നിഷ്കർഷിച്ചിട്ടുണ്ട്. വാർഷിക കണക്ക് പ്രകാരം ഇപ്രകാരമൊരു അക്കൗണ്ടുള്ളതായി കാണുന്നില്ല. ഇത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നം 7/13.12.2019) ലഭ്യമാക്കിയ മറുപടിയിൽ ദുരിതാശ്വാസനിധിക്കായി ഒരു പ്രത്യേക അക്കൗണ്ട് രൂപീകരിച്ചിട്ടുള്ളതായി അറിയിച്ചു. പരിശോധനയിൽ മുപ്പത്തടം സർവ്വീസ് സഹകരണ ബാങ്കിൽ 16.03.2016 ൽ ഒരു സീറോ ബാലൻസ് അക്കൗണ്ട് തുടങ്ങിയിട്ടുള്ളതായി കണ്ടു (അക്കൗണ്ട് നം 11063). എന്നാൽ നാളിതുവരെ ഈ അക്കൗണ്ടിൽ പണമിടപാടുകളൊന്നും നടത്തിയിട്ടില്ല. 2018ൽ വലിയ പ്രളയദുരന്തം അനുഭവിച്ച പ്രദേശമെന്ന നിലയിൽ ദുരിതാശ്വാസനിധി കാര്യക്ഷമമാക്കേണ്ടത് വളരെ അത്യാവശ്യമാണ്. ധനശേഖരണാർത്ഥം കലാ കായിക വിനോദ പരിപാടികൾ സംഘടിപ്പിച്ചും വ്യക്തികൾ, സംഘടനകൾ, സ്ഥാപനങ്ങൾ, എന്നിവയിൽ നിന്ന് സംഭാവനകൾ സ്വീകരിച്ചും ദുരിതാശ്വാസനിധിയിലേക്കുള്ള ധനം സ്വരൂപിക്കാവുന്നതാണ്. ദുരിതാശ്വാസ നിധിയിലേക്ക് തുക സ്വരൂപിക്കുന്നതിനും ചട്ടങ്ങളിൽ നിർദ്ദേശിക്കുംവിധം ദുരിതാശ്വാസ സഹായം നൽകുന്നതിനുമുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്.

## 1-19 സാമൂഹ്യ ക്ഷേമ പെൻഷൻ- അപാകതകൾ

ഗ്രാമപഞ്ചായത്തിൽ ലഭിയ്ക്കുന്ന വിവിധ സാമൂഹ്യ ക്ഷേമ പെൻഷനുകളുടെ അപേക്ഷകൾ സ്വീകരിച്ച്, അവയിൽ സ്വീകരിക്കുന്ന നടപടികൾ രേഖപ്പെടുത്തുന്നതിന് കൃത്യമായ രജിസ്റ്ററുകൾ സൂക്ഷിയ്ക്കുന്നില്ല. അവശ്യ വിവരങ്ങളായ, അന്വേഷണ ഉദ്യോഗസ്ഥന് അപേക്ഷ നൽകിയതും തിരികെ ലഭിച്ചതുമായ തീയതികൾ, കമ്മിറ്റി തിരുമാനം, ഡാറ്റ എൻട്രി നടത്തിയ തീയതി, പെൻഷൻ ഐ ഡി നം എന്നിവ രേഖപ്പെടുത്തുന്നില്ല. ഡാറ്റ എൻട്രി നടത്തിയ തീയതിയ്ക്ക് ശേഷമുള്ള മാസം മുതൽ മാത്രം പെൻഷൻ ലഭിയ്ക്കുന്നതിനാൽ അപേക്ഷ നൽകി ഡാറ്റ എൻട്രി നടത്തുന്ന തീയതിവരെയുള്ള കാലതാമസം അർഹമായ പെൻഷൻ വൈകുന്നതിനും ഇടയാക്കുന്നു. അപേക്ഷകൾ സേവനാവകാശ നിയമപ്രകാരം തീർപ്പാക്കുന്നു എന്ന് ഉറപ്പാക്കുന്നതിന് കൃത്യമായ വിവരങ്ങൾ രേഖപ്പെടുത്തി രജിസ്റ്ററുകൾ സൂക്ഷിക്കേണ്ടതും ഉത്തരവാദിയായ ഉദ്യോഗസ്ഥൻ അത് ഉറപ്പാക്കേണ്ടതുമാണ്.

അപാകതകൾക്ക് നൽകിയ 18.12.19 ലെ 19-ാം നമ്പർ ഓഡിറ്റ് എൻക്വയറിക്ക് മറുപടി ലഭിച്ചില്ല.

## 1-20 മരാമത്ത് ബില്ലുകൾ- പ്രവൃത്തി പൂർത്തീകരിക്കുന്നതിന് കാലതാമസം നേരിടുന്നു.

അസിസ്റ്റന്റ് എഞ്ചിനീയർ നിർവ്വഹണോദ്യോഗസ്ഥനായി നടപ്പിലാക്കിയ താഴെപ്പറയുന്ന പ്രവൃത്തികൾ നിശ്ചിത തീയതിക്കകം പൂർത്തീകരിച്ചിട്ടില്ലാത്തതാണ്. 2012 ലെ പിഡബ്ല്യൂഡി മാനുവൽ സെക്ഷൻ 2112 പ്രകാരം കരാർ കാലാവധി നീട്ടിനൽകേണ്ടി വന്നാൽ ആദ്യതവണ PAC യുടെ 1% എന്ന നിരക്കിലും രണ്ടാം തവണ PAC യുടെ 2% എന്ന നിരക്കിലും പിഴ ഈടാക്കി പുതുക്കിയ കാലാവധിക്കനുസരിച്ച് സപ്ലിമെന്ററി എഗ്രിമെന്റ് ചമയ്ക്കേണ്ടതുമാണ്. ഇത് പ്രകാരം സപ്ലിമെന്ററി എഗ്രിമെന്റ് വെച്ചിട്ടില്ല. കൂടാതെ കരാറുകാരൻ സ്വന്തമായി ബിറ്റുമിൻ വാങ്ങി ചെയ്യുന്ന താഴെ പറയുന്ന പ്രവൃത്തികളിൽ (ക്രമ നം. 1,2,4 എന്നിവയുടെ) ബിറ്റുമിൻ പർച്ചേസ് ബിൽ ഹാജരാക്കിയിട്ടില്ല.

**1. തണ്ടിരിക്കൽ കോളനിയിലെ റോഡുകളുടെ പുനരുദ്ധാരണം (പദ്ധതി നം.261/19)**

കരാറുകാരൻ: ശ്രീ ഷൈൻ എ വില്ല്യംസ്
എഗ്രിമെന്റ് നം./ തീയതി : 33/AE/LSGD/17-18 dt.08.11.17

PAC തുക : 625024/-

പണി പൂർത്തിയായ തീയതി: 30/5/18

പണി പൂർത്തിയാക്കേണ്ട കാലയളവ്: 4 മാസം

ചെലവ് : 387797/- ട്രഷറി ബിൽ നം. 15/20.7.18

**2. തോണിപ്പള്ളത്ത് റോഡ് മെറ്റലിങ് & ടാറിംഗ് (പദ്ധതി നം.254/19)**

കരാറുകാരൻ: ശ്രീ ഷൈൻ എ വില്ല്യംസ്

എഗ്രിമെന്റ് നം./ തീയതി : 27/AE/LSGD/17-18 dt.23.10.17

PAC തുക : 360187/-

പണി പൂർത്തിയായ തീയതി: 14.5.18

പണി പൂർത്തിയാക്കേണ്ട കാലയളവ് : 4 മാസം

ചെലവ് : 333547/- ട്രഷറി ബിൽ നം. 18 & 19 dt.20.7.18

**3. കുന്നുംപുറം കനാൽ റോഡ് സെക്കന്റ് മെറ്റലിങ് & ടാറിംഗ് (പദ്ധതി നം.254/19)**

കരാറുകാരൻ: ശ്രീ ഷൈൻ എ വില്ല്യംസ്

എഗ്രിമെന്റ് നം./ തീയതി : 16/AE/LSGD/17-18 dt.4.10.17

PAC തുക : 284763/-

പണി പൂർത്തിയായ തീയതി: 17/5/18

പണി പൂർത്തിയാക്കേണ്ട കാലയളവ് : 4 മാസം

ചെലവ് : 282476/- ട്രഷറി ബിൽ നം. 13/20.7.18

**4. ഭുവനേശ്വരി ടെമ്പിൾ റോഡ് -കോശി റോഡ് കോൺക്രീറ്റിങ് & കനാൽ കൺസ്ട്രക്ഷൻ (പദ്ധതി നം.267/19)**

കരാറുകാരൻ: ശ്രീ ഷൈൻ എ വില്ല്യംസ്

എഗ്രിമെന്റ് നം./ തീയതി : 35/AE/LSGD/17-18 dt.08.11.17

PAC തുക : 193515/-

പണി പൂർത്തിയായ തീയതി: 25.5.18

പണി പൂർത്തിയാക്കേണ്ട കാലയളവ് : 4 മാസം

ചെലവ് : 132626/- ട്രഷറി ബിൽ നം. 14/20.7.18

മേൽപ്പറഞ്ഞ അപാകതകൾക്ക് വിശദീകരണം നൽകേണ്ടതാണ് എന്നാവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നം. 20 തീയതി 19.12.19) ലഭിച്ച മറുപടി തൃപ്തികരമല്ലാത്തതിനാൽ മേൽപ്പറഞ്ഞ വർക്കുകൾക്ക് ചെലവഴിച്ച 1136446/-രൂപ ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു.

## 1-21 അങ്കണവാടികൾ പരിശോധിച്ച് ഫിറ്റ്നസ് സർട്ടിഫിക്കറ്റ് നൽകുന്നില്ല

കടുങ്ങല്ലൂർ ഗ്രാമപഞ്ചായത്തിൽ ആകെ 36 അങ്കണവാടികൾ പ്രവർത്തിക്കുന്നുണ്ട്. തദ്ദേശ സ്വയംഭരണ വകുപ്പിന്റെ 22.03.2011 ലെ സർക്കുലർ നം 31055/ഡി.സി2/2011 പ്രകാരം "എല്ലാ വർഷവും മെയ് മാസം പത്താം തീയതിക്കകം തദ്ദേശ സ്ഥാപനത്തിന്റെ എഞ്ചിനീയർ / ഓവർസീയർ വാടകകെട്ടിടങ്ങളിൽ പ്രവർത്തിക്കുന്നതുൾപ്പെടെയുള്ള ഗ്രാമപഞ്ചായത്തിലെ എല്ലാ അങ്കണവാടികളും സന്ദർശിക്കേണ്ടതും അവ പരിശോധിച്ച് ഫിറ്റ്നസ് സർട്ടിഫിക്കറ്റ് നല്കേണ്ടതുമാണ്. ആയത് പ്രകാരം 2018-19 സാമ്പത്തിക വർഷത്തിൽ കടുങ്ങല്ലൂർ ഗ്രാമപഞ്ചായത്തിന്റെ കീഴിൽ പ്രവർത്തിക്കുന്ന അംഗനവാടികൾ പരിശോധിച്ചതിന്റെ ഫിറ്റ്നസ് സർട്ടിഫിക്കറ്റ് ഓഡിറ്റിന് ലഭ്യമാക്കേണ്ടതാണു് എന്നാവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നം.10. തീയതി.13.12.19) നൽകിയ മറുപടിയിൽ ഫിറ്റ്നസ് പരിശോധിച്ചിട്ടില്ലെന്ന് അറിയിച്ചിരിക്കുന്നു. അങ്കണവാടികൾ പരിശോധിച്ച ഫിറ്റ്നസ് സർട്ടിഫിക്കറ്റ് നൽകുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്.

## 1-22 തെരുവ് നായ്ക്കളുടെ ജനന നിയന്ത്രണം -പദ്ധതിയിൽ വൻ അപാകതകൾ

(Animal Birth Control) എന്ന പദ്ധതിയിലെ അപാകതകൾ ചുവടെ ചേർക്കുന്നു.

1. പദ്ധതി നടപ്പിലാക്കിയത് കുടുംബശ്രീ ജില്ലാ മിഷൻ കോ-ഓർഡിനേറ്റർ മുഖാന്തിരമാണ്. കുടുംബശ്രീയുമായുള്ള കരാറിലെ ക്രമ നം. 5 പ്രകാരം പദ്ധതിക്ക് പ്രാദേശികമായി മോണിറ്ററിംഗ് കമ്മിറ്റി രൂപീകരിക്കേണ്ടതാണെന്ന് സൂചിപ്പിച്ചിട്ടുണ്ട്. ഇത്തരത്തിൽ മോണിറ്ററിംഗ് രൂപീകരിച്ചിട്ടില്ല എന്നാണ് പഞ്ചായത്ത് ഓഡിറ്റ് എൻക്വയറിക്കുള്ള മറുപടിയിൽ വ്യക്തമാക്കിയത്. ആയതിനാൽ തന്നെ ഈ പദ്ധതിയുടെ കൃത്യമായ മോണിട്ടറിംഗ് നടന്നിട്ടില്ല എന്ന് വ്യക്തമാണ്.

2. റസിഡൻഷ്യൽ അസോസിയേഷനുകളുടെ സഹകരണം പൂർണ്ണമായും പ്രാദേശികമായി ലഭ്യമാക്കാൻ സാധിച്ചില്ല. പഞ്ചായത്തിന്റെ മറുപടിയിൽ രണ്ട് വാർഡിൽ മാത്രമാണ് റസിഡൻഷ്യൽ അസോസിയേഷനുകളുടെ സഹകരണം ലഭിച്ചത്. (വാർഡ് -11,14 ). ആയതിന്റെ തന്നെ തെളിവുകളും ഹാജരാക്കാനായില്ല.

3. 16,17 വാർഡുകളിൽ മാത്രമാണ് തെരുവ്നായ്ക്കൾ എവിടെ നിന്ന് പിടിച്ചു എന്ന് സൂചിപ്പിച്ചിരിക്കുന്നത്. മറ്റു മൂന്ന് വാർഡുകളിൽ പിടിച്ച നായ്ക്കളുടെ ആകെ എണ്ണം, തെരുവ് നായ്ക്കളുടെ വിവരം എന്നിവ മാത്രമാണ് സൂചിപ്പിച്ചിരിക്കുന്നത്. ഓരോ തെരുവ് നായയെയും പിടിച്ച സ്ഥലത്ത് തന്നെ തിരിച്ച് വിടണം. കാരണം എല്ലാ നായ്ക്കളും ഓരോ പ്രദേശവുമായി ബന്ധപ്പെട്ട ജന്തു വർഗ്ഗമായാണ് (Territorial Animal) അറിയപ്പെടുന്നത്. തന്റെ സ്വന്തം പ്രദേശത്ത് നിന്ന് മാറ്റുന്നത് പുതിയ സ്റ്ററിലൈസ് ചെയ്യാത്ത നായ്ക്കളുമായി സംഘർഷത്തിനു വഴിവയ്ക്കുകയും അതോടൊപ്പം പഴയ പ്രദേശത്തേക്ക് സ്റ്ററിലൈസ് ചെയ്യപ്പെടാത്ത പുതിയ നായ്ക്കളുടെ വരവിനും കാരണമാകും. മാത്രമല്ല ഇത് പ്രിവൻഷൻ ഓഫ് ക്രുവൽറ്റി ടു അനിമൽസ് ആക്ട് 1960 ന്റെ കീഴിൽ ഉണ്ടാക്കിയ അനിമൽ ബർത്ത് കൺട്രോൾ റൂൾസ് 7 നും പഞ്ചായത്ത് കുടുംബശ്രീ ജില്ലാ മിഷനുമായി ഉണ്ടാക്കിയ എഗ്രിമെന്റിനും വിരുദ്ധമാണ്. എന്നാൽ ഇതിന് വിരുദ്ധമായിട്ടാണ് കുടുംബശ്രീ ജില്ലാ മിഷൻ പ്രവർത്തിച്ചത്. തെരുവ് നായ്ക്കളെ പിടിക്കുന്നതിന് മുൻപ് അതാത് ജനപ്രതിനിധികളെ അറിയിച്ചിരുന്നു എന്നും തിരികെ വിടുന്ന സമയത്ത് അറിയിക്കണമെന്ന് യൂണിറ്റുകളോട് നിഷ്കർഷിച്ചിട്ടില്ല എന്നുമാണ് കുടുംബശ്രീ മിഷന്റെ മറുപടി. ആയതിനാൽ തന്നെ തെരുവ് നായ്ക്കളെ പിടിച്ച സ്ഥലത്ത് തിരിച്ച് വിട്ടതിന് യാതൊരു തെളിവും ഇല്ല.

എവിടെയാണ് വന്ധ്യം കരണം നടത്തിയതെന്ന ചോദ്യത്തിന് ശ്രദ്ധ മൊബൈൽ പെറ്റ് കെയർ ആൻഡ് എ.ബി.സി യൂണിറ്റിന്റെ ഒരു കൺസോളിഡേറ്റഡ് റിപ്പോർട്ടാണ് ഹാജരാക്കിയത്.

അതിൽ വാക്സിനേഷൻ എന്നാണ് ചേർത്തിരിക്കുന്നത്. ആയതിൽ നിന്ന് വന്ധ്യം കരണം നടത്തിയതിന്റെ യാതൊരു തെളിവും ലഭ്യമല്ല. തെരുവ് നായയെ സർക്കാർ അനുശാസിക്കുന്ന രീതിയിൽ വന്ധ്യം കരണം നടത്തുകയും ആയതിന്റെ തെളിവുകൾ സൂക്ഷിക്കുകയും ചെയ്യുന്നത് ഇത്തരം പ്രവർത്തനങ്ങൾ ചെയ്യുന്ന സ്ഥാപനങ്ങളുടെയും ആയത് നടപ്പാക്കുന്ന കുടുംബശ്രീ മിഷൻ, തദ്ദേശ ഭരണ സ്ഥാപനങ്ങൾ എന്നിവയുടെ ഉത്തരവാദിത്തമാണ്. മറ്റേതെങ്കിലും തരത്തിൽ തെരുവ് നായയെ നശിപ്പിക്കാൻ കൂട്ടുനിൽക്കൽ പ്രിവൻഷൻ ഓഫ് ക്രുവൽറ്റി ടു അനിമൽസ് ആക്ട് 1960 ന്റെ സെക്ഷൻ 11, ഇൻഡ്യൻ പീനൽ കോഡ് സെക്ഷൻ 429 എന്നിവ പ്രകാരം കടുത്ത ശിക്ഷ ലഭിക്കുന്ന കുറ്റങ്ങളാണ്. മേൽ പദ്ധതിയുടെ വരും വർഷങ്ങളിലെ നടത്തിപ്പ് കൃത്യമായും സർക്കാർ നിർദ്ദേശ പ്രകാരം വേണ്ടതാണ്. അല്ലാത്ത പക്ഷം ആയത് ഗൌരവമായി വീക്ഷിക്കുകയും തുടർനടപടികൾ സ്വീകരിക്കുകയും ചെയ്യേണ്ടതാണ്.

## 1-23 ഡെപ്പോസിറ്റ് വർക്കുകൾ- പ്രവൃത്തി പൂർത്തീകരിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കണം

കടുങ്ങല്ലൂർ ഗ്രാമ പഞ്ചായത്തിൽ ഡെപ്പോസിറ്റ് വർക്കുകൾക്കായി വിവിധ നിർവ്വഹണ ഏജൻസികൾക്ക് കൈമാറിയതും, നാളിതുവരെ വിനിയോഗ സാക്ഷ്യപത്രം ലഭിക്കാത്തതുമായ തുകകളുടെ വിവരം താഴെ ചേർക്കുന്നു (ലഭ്യമാക്കിയ രേഖകൾ പ്രകാരം).

| ക്രമ നം | തുക നൽകിയ വർഷം | നിർവഹണ ഏജൻസി | ഡെപ്പോസിറ്റ് തുക | പ്രവൃത്തിയുടെ പേര് |
|---|---|---|---|---|
| 1 | 2012-13 | കെ.എസ്.ഇ.ബി | 8,11,211 | തെരുവ് വിളക്കുകൾക്ക് മീറ്റർ സ്ഥാപിക്കൽ |
| 2 | 2016-17 | ,, | 5,90,035 | 230/17-ഒതെരുവ് വിളക്ക് ലൈൻ എക്സ്റ്റെൻഷൻ |
| 3 | ,, | ,, | 1,14,925 | 44/17-തെരുവ് വിളക്ക് ലൈൻ എക്സ്റ്റെൻഷൻ |
| 4 | ,, | ,, | 69,475 | 232/17-ഒതെരുവ് വിളക്ക് ലൈൻ എക്സ്റ്റെൻഷൻ |
| 5 | 2017-18 | ,, | 5,552 | 62/18-തെരുവ് വിളക്ക് ലൈൻ എക്സ്റ്റെൻഷൻ |
| 6 | ,, | ,, | 3,63,510 | 11/18-തെരുവ് വിളക്ക് ലൈൻ എക്സ്റ്റെൻഷൻ |
| 7 | 2018-19 | ,, | 18,520 | 59/19-ഇലക്ട്രിക് പോസ്റ്റ് ഷിഫ്റ്റിംഗ് |
| കെ.എസ്.ഇ.ബി ക്ക് നൽകിയിട്ടുള്ള ആകെ തുക | | | 19,73,228 | |
| 1 | 2016-17 | കേരള വാട്ടർ അതോറിറ്റി | 7,70,398 | 231/17-കുടിവെള്ള പൈപ്പ് ലൈൻ എക്സ്റ്റെൻഷൻ |
| 2 | ,, | ,, | 2,51,000 | 11/19-കുടിവെള്ള പൈപ്പ് ലൈൻ എക്സ്റ്റെൻഷൻ |
| 3 | ,, | ,, | 2,00,000 | 316/19-ശ്മശാനം കുടിവെള്ള പൈപ്പ് ലൈൻ എക്സ്റ്റെൻഷൻ |
| 4 | ,, | ,, | 2,50,000 | 297/19-നാൽപത് പറ കുടിവെള്ള പൈപ്പ് |

| | | | | |
|---|---|---|---|---|
| | | | | ലൈൻ എക്സ്റ്റെൻഷൻ |
| 5 | ,, | ,, | 1,90,000 | 323/19-എസ്.സി സങ്കേതങ്ങളിലേക്ക് കുടിവെള്ള പൈപ്പ് ലൈൻ എക്സ്റ്റെൻഷൻ |
| കേരള വാട്ടർ അതോറിറ്റിക്ക് നൽകിയിട്ടുള്ള ആകെ തുക | | | 16,61,398 | |

ഡെപ്പോസിറ്റ് വർക്കിന് നൽകിയ തുകയുടെ വിവരങ്ങൾ വാർഷിക കണക്കുമായി പൊരുത്തപ്പെടുന്നില്ല. 2018-19 വാർഷിക കണക്കിലെ B18 ഷെഡ്യൂൾ പ്രകാരം 460500201-advance to implementing agencies-KWA എന്ന ഹെഡിലെ നീക്കിയിരിപ്പ് 11,03,000/- രൂപയാണ്. എന്നാൽ മേൽ പട്ടിക പ്രകാരം വാട്ടർ അതോറിറ്റിക്ക് നൽകിയ 16,61,398/- രൂപയുടെ വിനിയോഗ സാക്ഷ്യപത്രം ലഭ്യമാവാനുണ്ട്. ഇത്രയും തുക തന്നെ പ്രസ്തുത ഹെഡിൽ നീക്കിയിരിപ്പുണ്ടാകേണ്ടതാണ്. കൂടാതെ കെ.എസ്.ഇ.ബി ക്ക് നൽകിയ 19,73,228/-രൂപയുടെ വിനിയോഗ സാക്ഷ്യപത്രം ലഭിക്കാനുണ്ട്. എന്നാൽ 460500202-advance to implementing agencies-KSEB എന്ന ഹെഡിലെ നീക്കിയിരിപ്പ് 52,980/- രൂപ മാത്രമാണ്. വിനിയോഗസാക്ഷ്യപത്രം ലഭിക്കുന്നതിനു മുമ്പ് തന്നെ ആസ്തി ഇനത്തിൽ(410400103-drinking water pipeline, 410600102-street line extension) ചെലവ് രേഖപ്പെടുത്തുന്നതിനാലാണ് ഇപ്രകാരമുള്ള വ്യത്യാസത്തിന് കാരണമാകുന്നത്. ഡെപ്പോസിറ്റ് വർക്കിന് തുക നൽകുമ്പോൾ 460500201-advance to implementing agencies-KWA, 460500202-advance to implementing agencies-KSEB തുടങ്ങിയ ശീർഷകങ്ങളിലാണ് അതാതിനമനുസരിച്ച് ചെലവുതുക രേഖപ്പെടുത്തേണ്ടത്. വിനിയോഗസാക്ഷ്യപത്രം ലഭിച്ചതിനുശേഷം മാത്രം ആസ്തിയായി മാറ്റേണ്ടതാണ്. വിനിയോഗസാക്ഷ്യപത്രം ലഭ്യമാക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ച് ബന്ധപ്പെട്ട് ഹെഡുകളിലെ തുകകൾ ക്രമീകരിക്കേണ്ടതാണ്.

## 1-24 ശുചിത്വ മിഷൻ ഫണ്ട്-സമയബന്ധിതമായി വിനിയോഗിച്ചില്ല

സ്വച്ച് ഭാരത് മിഷൻ (ഗ്രാമീൺ) പദ്ധതിയിൽപ്പെടുത്തി ജില്ലാ ശുചിത്വ മിഷനിൽ നിന്നും 11.05.2018 ൽ 12,00,000/- രൂപ പഞ്ചായത്തിന് ലഭിച്ചിട്ടുണ്ട്. സ്വച്ച് ഭാരത് മിഷൻ (ഗ്രാമീൺ) ഗൈഡ് ലൈൻ പ്രകാരം 500ൽ അധികം വീടുകളുള്ള ഒരു ഗ്രാമ പഞ്ചായത്തിന് പരമാവധി 20 ലക്ഷം രൂപ വരെ ഖര ദ്രവ മാലിന്യ സംസ്കരണ പദ്ധതിക്ക് ലഭിക്കുന്നതിന് അർഹതയുണ്ട്. 2011 ലെ കണക്ക് പ്രകാരം കടുങ്ങല്ലൂർ ഗ്രാമ പഞ്ചായത്തിൽ 10125 വീടുകളാണുള്ളത്. മാലിന്യ സംസ്കരണ പദ്ധതിക്കായി തുക ലഭിച്ചെങ്കിലും ഇതിലേക്കായി പദ്ധതിയൊന്നും ആവിഷ്കരിച്ച് കണ്ടില്ല. 20 ലക്ഷം രൂപ വരെ ഈ പഞ്ചായത്തിന് ലഭിക്കാമെന്നിരിക്കെ കിട്ടിയ തുക പോലും ചെലവഴിക്കാതിരിക്കുകയാണ് ചെയ്തിരിക്കുന്നത്. ശുചിത്വ മിഷന്റെ ഫണ്ട് ചെലവഴിക്കാൻ വൈകിയാൽ 12% പലിശ സഹിതം തുക തിരിച്ചടക്കേണ്ടതായി വരുമെന്നറിയാമായിരുന്നിട്ടും തുക സമയബന്ധിതമായി ചെലവഴിക്കാൻ വ്യക്തമായ പദ്ധതി പോലും പഞ്ചായത്ത് തയ്യാറാക്കി കാണുന്നില്ല. ഇക്കാര്യത്തിൽ വിശദീകരണം നൽകണമെന്നാവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നം 14/18.12.2019) ലഭ്യമാക്കിയ മറുപടിയിൽ 3,60,000/- രൂപ വകയിരുത്തി ശ്മശാനത്തിൽ ടോയ്‌ലെറ്റ് നിർമ്മിക്കുന്നതിനുള്ള പദ്ധതിയും ബാലൻസ് തുകക്ക് മെറ്റീരിയൽ കളക്ഷൻ സെന്റർ സ്ഥാപിക്കുന്നതിനും വകയിരുത്തിയിരിക്കുകയാണെന്നും അറിയിച്ചു. ഇതുമായി ബന്ധപ്പെട്ട ഫയൽ (നം എ2/3589/2018) പരിശോധിച്ചതിൽ ശുചിത്വമിഷൻ ഫണ്ട് വിനിയോഗത്തിൽ ഗുരുതരമായ കാലതാമസമുണ്ടായതായി കാണുന്നു.

ശുചിത്വ മിഷൻ ഫണ്ടുപയോഗിച്ച് പഞ്ചായത്തിന്റെ പൊതുശ്മശാന കോമ്പൗണ്ടിൽ പ്ലാസ്റ്റിക് ഷ്രെഡിംഗ് യൂണിറ്റ് തുടങ്ങാനാണ് ആദ്യം തീരുമാനിച്ചത് (11.05.2018 ലെ 14(1) നമ്പർ തീരുമാനം). എന്നാൽ ബ്ലോക്ക് തലത്തിൽ ഒരു ഷ്രെഡിംഗ് യൂണിറ്റിന് മാത്രമേ അനുമതി നൽകുകയുള്ളൂവെന്ന് ശുചിത്വമിഷൻ അറിയിച്ചതിനെ തുടർന്ന് ആ പദ്ധതി ഉപേക്ഷിച്ചു. തുടർന്ന് പൊതുശ്മശാനത്തിൽ ധാരാളം പൊതുജനങ്ങൾ വരാനുള്ള സാധ്യത കണക്കിലെടുത്ത് അവിടെ പൊതു ശൗചാലയം സ്ഥാപിക്കാൻ ഫണ്ട് ഉപയോഗിക്കാമെന്ന് തീരുമാനിച്ചു (30.07.2018 ലെ 16(1) നമ്പർ തീരുമാനം). 3,60,000/- രൂപ വകയിരുത്തി 2018-19 ൽ ഇതിനുള്ള പദ്ധതി ആവിഷ്കരിച്ചെങ്കിലും, ആ വർഷം അത് പൂർത്തീകരിച്ചില്ല. പ്രളയത്തിൽ തകർന്ന വിവിധ ഭവനങ്ങളിലെ കക്കൂസുകളുടെ പുനരുദ്ധാരണത്തിന് ബാലൻസ് തുകയായ

8,40,000/- രൂപ വിനിയോഗിക്കാനാണ് പിന്നീട് പഞ്ചായത്ത് കമ്മറ്റി തീരുമാനമെടുത്തത് ((15.10.2018 ലെ 14(1) നമ്പർ തീരുമാനം). എന്നാൽ ശുചിത്വ മിഷൻ ഫണ്ടുപയോഗിച്ച് വ്യക്തിഗത കക്കൂസ് നിർമ്മാണം നടത്താൻ പാടില്ലെന്ന് ശുചിത്വ മിഷനിൽ നിന്നും അറിയിച്ചതോടെ ആ ശ്രമവും ഉപേക്ഷിച്ചു. പഞ്ചായത്തിൽ മെറ്റീരിയൽ റിക്കവറി ഫെസിലിറ്റി (എം.ആർ.എഫ്) യൂണിറ്റ് ഇല്ലായെന്നും ആയത് സ്ഥാപിച്ചാൽ വാർഡുകളിൽ നിന്നും ശേഖരിക്കുന്ന പ്ലാസ്റ്റിക് മാലിന്യം സൂക്ഷിക്കുവാൻ സാധിക്കുന്നതാണെന്നും, അതിനായി ശ്മശാന കോമ്പൗണ്ടിലെ ഒഴിഞ്ഞ ഭാഗത്ത് എം.ആർ.എഫ് യൂണിറ്റ് സ്ഥാപിക്കുവാൻ എസ്റ്റിമേറ്റ് എടുക്കുവാൻ അസിസ്റ്റന്റ് എഞ്ചിനിയറെ ചുമതലപ്പെടുത്തിക്കൊണ്ടുള്ള തീരുമാനമാണ് പിന്നീട് കാണുന്നത് ((26.09.2019 ലെ 16(1) നമ്പർ തീരുമാനം). ഓഡിറ്റ് തീയതി വരെ തുടർ നടപടികളൊന്നുമായിട്ടില്ല.

ശുചിത്വ മിഷൻ ഫണ്ട് അനുവദിച്ചുകൊണ്ടുള്ള ഉത്തരവിൽ (നം 700/SBM/SLWM/2018 തീയതി 28.03.2018) ഗ്രാമ പഞ്ചായത്തുകൾക്ക് ഈ ഫണ്ടുപയോഗിച്ച് ഏറ്റെടുക്കാവുന്ന പ്രോജക്റ്റുകൾ സംബന്ധിച്ച് വ്യക്തമായ നിർദ്ദേശങ്ങളുള്ളതാണ്. ഇത് പരിഗണിക്കാതെയാണ് നടപ്പാക്കാൻ അനുമതിയില്ലാത്ത പദ്ധതികൾക്കായി സമയം കളഞ്ഞത്. പ്രത്യേക ഉദ്ദേശ്യ ഗ്രാന്റുകൾ അവ ചെലവഴിക്കുന്നതിനുള്ള മാനദണ്ഡങ്ങൾ പാലിച്ച് സമയബന്ധിതമായി വിനിയോഗിക്കുവാൻ ശ്രദ്ധിക്കേണ്ടതാണ്.

## 1-25 ഹെഡ്മാസ്റ്റർ നിർവ്വഹണം നടത്തിയ പദ്ധതികളിലെ അപാകതകൾ

2018-19 വർഷം ഹെഡ്മാസ്റ്റർ നടപ്പിലാക്കിയ താഴെ പറയുന്ന പദ്ധതികളുടെ ചെലവുരേഖകൾ ഓഡിറ്റിന് ഹാജരാക്കിയിട്ടില്ല.

| ക്രമ നം | പദ്ധതി നം, പേര് | ചെലവഴിച്ച തുക |
|---|---|---|
| 1 | 1/ തുടർ സാക്ഷരതാ പരിപാടി | 1,25,000 |
| 2 | 38- എൽ. പി. സ്കൂൾ- ബാല പ്രസിദ്ധീകരണങ്ങൾ വാങ്ങൽ | 73,337 |
| 3 | 40- എൽ.പി സ്കൂളിലേക്ക് വാട്ടർ പ്യൂരിഫയർ | 46,690 |
| 4 | 44-കടുങ്ങല്ലൂർ, ഉളിയന്നൂർ എൽ.പി സ്കൂളുകളിലേക്ക് ഐ.ടി ഹെൽപിംഗ് ഹാൻഡ് | 1,60,000 |
| 5 | 43-കടുങ്ങല്ലൂർ, ഉളിയന്നൂർ എൽ.പി സ്കൂളുകളിലേക്ക് എച്ച്.എം ഹെൽപിംഗ് ഹാൻഡ് | 2,00,000 |
| 6 | 45-കടുങ്ങല്ലൂർ, ഉളിയന്നൂർ എൽ.പി സ്കൂളുകളിലേക്ക് ട്രാൻസ്പോർട്ടേഷൻ | 4,00,000 |
| 7 | 247-മംഗളോദയം ലൈബ്രറിയിലേക്ക് പുസ്തകങ്ങൾ, ഉപകരണങ്ങൾ | 1,50,000 |

ഫയലുകൾ ഹാജരാക്കാത്തതിനുള്ള കാരണം രേഖാമൂലം അറിയിക്കേണ്ടതാണെന്നാവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നം 12/16.12.2019)പ്രളയത്തിൽ രേഖകൾ നഷ്ടമായെന്ന മറുപടിയാണ് ലഭ്യമാക്കിയത്. ആയതിനാൽ മേൽ പദ്ധതികളുടെ ചെലവുകളുടെ ആധികാരികത ഓഡിറ്റിൽ പരിശോധിക്കാനായിട്ടില്ല.

ക്രമ നം 4, 5, 6 എന്നീ ഇനങ്ങളിലെ പദ്ധതികൾ പദ്ധതി മാർഗ്ഗരേഖ പ്രകാരം അംഗീകരിക്കാനാവാത്ത പദ്ധതികളാണ്. സ്കൂളുകളിൽ അനുവദിച്ചിട്ടുള്ള അദ്ധ്യാപക തസ്തികകൾക്ക് പുറമേ അധിക അദ്ധ്യപകരെ നിയമിച്ച് അവർക്കുള്ള വേതനം നൽകുന്നതിനാണ് ഐ.ടി ഹെൽപിംഗ് ഹാൻഡ്, എച്ച്.എം ഹെൽപിംഗ് ഹാൻഡ് എന്നീ പദ്ധതികൾ വഴി തുക ചെലവഴിച്ചിരിക്കുന്നത്. ടെക്നിക്കൽ അസിസ്റ്റന്റ്, ബഡ്സ് സ്കൂൾ അദ്ധ്യാപകർ തുടങ്ങി പദ്ധതി മാർഗ്ഗരേഖയിൽ പ്രത്യേകം പരാമർശിച്ചിട്ടുള്ളവർക്കുള്ള

വേതനം നൽകുന്നതിനുള്ള പ്രോജക്റ്റുകളേ ഏറ്റെടുക്കാവൂ എന്നിരിക്കെ ഇത്തരം പ്രോജക്റ്റുകൾ നടപ്പാക്കിയത് സർക്കാർ നിർദ്ദേശങ്ങൾക്ക് വിരുദ്ധമാണ്.

കടുങ്ങല്ലൂർ, ഉളിയന്നൂർ എൽ.പി സ്കൂളുകൾക്ക് സ്വന്തമായി വാഹന സൗകര്യമില്ലാത്തതിനാൽ വാഹനങ്ങൾ വാടകക്കെടുത്താണ് കുട്ടികളെ സ്കൂളുകളിൽ എത്തിച്ചുവരുന്നത്. ഇതിലേക്കുള്ള ചെലവാണ് പ്രോജക്റ്റ് നം 45-കടുങ്ങല്ലൂർ, ഉളിയന്നൂർ എൽ.പി സ്കൂളുകളിലേക്ക് ട്രാൻസ്പോർട്ടേഷൻ എന്ന പദ്ധതിയിൽ വന്നിട്ടുള്ളത്. സ്വന്തമായി വാഹനമുള്ള സ്കൂളുകളുടെ കാര്യത്തിൽ പോലും ഡ്രൈവറുടെ വേതനം, വാഹനപരിപാലനം തുടങ്ങിയ ആവർത്തനച്ചെലവുകൾക്ക് തദ്ദേശസ്ഥാപനങ്ങൾ തുക ചെലവഴിക്കാൻ പാടില്ലെന്ന് സർക്കാർ നിർദ്ദേശമുള്ളതാണ്.

ഈ സാഹചര്യത്തിൽ മേൽ പ്രോജക്റ്റിന് തുക ചെലവഴിച്ചത് സർക്കാർ നിർദ്ദേശങ്ങൽക്ക് വിരുദ്ധമാണ്. പ്രീപ്രൈമറി ഉൾപ്പെടെ 131 കുട്ടികളാണ് GLPS ഈസ്റ്റ് കടുങ്ങല്ലൂരിലുള്ളത്. GLPS ഉളിയന്നൂരിൽ ഒന്നു മുതൽ അഞ്ച് വരെയും പ്രീപ്രൈമറിയിലുമായി 175 കുട്ടികളുമുണ്ട്. ഇവർക്ക് വാഹനസൗകര്യത്തിന് രക്ഷകർത്താക്കളുടെ പങ്കാളിത്തത്തോടെ ബദൽ സംവിധാനമേർപ്പെടുത്തുന്ന തിനുള്ള നടപടികൾ ഉണ്ടാക്കുവാൻ പരിശ്രമിക്കേണ്ടതാണ്.

ഗ്രാമപഞ്ചായത്ത് പ്രസിഡൻ്റിൻ്റെ 24.05.2018 ലെ എ2/3766/17 നമ്പർ കത്തും 11.05.2018 ലെ 45(1) നമ്പർ കമ്മറ്റി തീരുമാനവും പരിഗണിച്ച് സംസ്ഥാനതല കോ ഓർഡിനേഷൻ കമ്മിറ്റിയുടെ 05.02.2019 ലെ യോഗത്തിൽ പ്രസ്തുത പദ്ധതികൾക്ക് 2018-19 വർഷത്തിൽ പ്രത്യേക അനുമതി നൽകിയിട്ടുണ്ട്. വരും വർഷങ്ങളിൽ ഇത്തരം പദ്ധതികൾക്ക് തുക ചെലവഴിക്കാവുന്നതല്ല എന്ന നിർദ്ദേശത്തോടെയാണ് അനുമതി നൽകിയിട്ടുള്ളത്.

പ്രോജക്റ്റ് നം 247/19 പ്രകാരം മംഗളോദയം ലൈബ്രറിയിലേക്ക് പുസ്തകങ്ങൾ, ഉപകരണങ്ങൾ എന്നിവ വാങ്ങിനൽകിയിട്ടുണ്ട്. പഞ്ചായത്തിന് കീഴിൽ കയൻ്റിക്കര, ഏലൂക്കര, ഉളിയന്നുർ എന്നിവിടങ്ങളിൽ വായനശാലകളുണ്ട്. ഇവയ്ക്ക് വേണ്ടി പദ്ധതികളൊന്നും ഏറ്റെടുത്ത് കാണുന്നില്ല. പഞ്ചായത്തിൻ്റെ അധീനതയിലുള്ള ലൈബ്രറികളുടെ വികസനത്തിന് ഫണ്ട് അനുവദിച്ചതിനുശേഷം മാത്രമേ സ്വകാര്യ ലൈബ്രറികൾക്കുള്ള പ്രോജക്റ്റുകൾ ഏറ്റെടുക്കാവൂവെന്ന് പദ്ധതി മാർഗ്ഗരേഖയിൽ നിർദ്ദേശമുള്ള കാര്യം ഭരണസമിതിയുടെ ശ്രദ്ധയിൽപ്പെടുത്തുന്നു.

പദ്ധതി മാർഗ്ഗരേഖയിലെ നിർദ്ദേശങ്ങൾ പാലിച്ച് മാത്രം പദ്ധതികൾ ഏറ്റെടുക്കുവാൻ ഭാവിയിൽ ശ്രദ്ധിക്കേണ്ടതാണ്. ഇക്കാര്യത്തിൽ പഞ്ചായത്ത് ഭരണസമിതിയുടെ പ്രത്യേക ശ്രദ്ധക്ഷണിക്കുന്നു.

## 1-26 കൊടുവര റോഡ് വെള്ളക്കെട്ട് നിവാരണം - കോടതിവിധിയുണ്ടായിട്ടും പദ്ധതി പൂർത്തീകരിച്ചിട്ടില്ല.

| | |
|---|---|
| പ്രോജക്ട് നം, പേര് | S.314-കൊടുവര റോഡ്-വെള്ളക്കെട്ട് നിവാരണം |
| നിർവ്വഹണം | അസിസ്റ്റൻ്റ് എഞ്ചിനീയർ |
| ആകെ അടങ്കൽ | 16,80,000/- (തനത് ഫണ്ട്) |
| കരാറുകാരൻ | അഫ്സൽ.വി.എ |
| ഫയൽ നമ്പർ | എ2/7124/18 |

കടുങ്ങല്ലൂർ ഗ്രാമപഞ്ചായത്തിലെ 2ാം വാർഡിൽ കൊടുവര ഭാഗത്തെ രൂക്ഷമായ വെള്ളക്കെട്ട് ഒഴിവാക്കാനുള്ള പദ്ധതിയാണിത്. 10ാം വാർഡിൽ ലീക്ക് വെള്ളം ഒഴുകിപ്പോയിരുന്ന തോട് നികത്തി അനധികൃത നിർമ്മാണ പ്രവർത്തനങ്ങൾ നടത്തിയതുമൂലം നീരൊഴുക്ക് തടസ്സപ്പെട്ടപ്പോഴാണ് കൊടുവര റോഡിൽ വെള്ളക്കട്ടുണ്ടായത്. വെള്ളക്കെട്ട് പരിഹരിക്കുന്നതുമായി ബന്ധപ്പെട്ട് ബഹു. ഹൈക്കോടതിയിൽ ഒരു ഗുണഭോക്താവ് പഞ്ചായത്തിനെതിരെ നൽകിയ WP(c) 2270/15 നമ്പർ ഹർജ്ജിക്ക് 02/07/2016 ൽ ഉത്തരവായതാണ്. നികത്തുഭൂമിക്കടിയിലൂടെ 24" MS Pipe സ്ഥാപിച്ച് വെള്ളം സമീപത്തുള്ള ഏലാത്തോട്ടിൽ ചാടിച്ച് വെള്ളക്കെട്ട് ഒഴിവാക്കുവാനാണ് കോടതി നിർദ്ദേശിച്ചിട്ടുള്ളത്. ഇതിനുവേണ്ടി തയ്യാറാക്കിയ 9,25,000/- രൂപയുടെ എസ്റ്റിമേറ്റിന് 02/05/2017 ലെ 5(1) തീരുമാനപ്രകാരം പഞ്ചായത്ത് കമ്മിറ്റി അംഗീകാരം നൽകുകയും 2017-18ലെ 14/17-18

നമ്പർ പ്രോജക്റ്റായി ഡി.പി.സി അംഗീകാരം നേടുകയും ചെയ്തു. പ്രവൃത്തി തുടങ്ങുന്നതിനായി ടെണ്ടർ/ റീ ടെണ്ടർ നടത്തിയെങ്കിലും ആരും പങ്കെടുത്തില്ല. തുടർന്ന് ക്ഷണിച്ച ക്വട്ടേഷനിൽ ശ്രീകുമാർ എം ഡി, ഒക്കൽ എന്ന കരാറുകാരൻ എസ്റ്റിമേറ്റ് തുകയേക്കാൾ 1,63,500/-രൂപ അധികം നിരക്കിൽ പ്രവൃത്തി ഏറ്റെടുക്കാൻ തയ്യാറായെങ്കിലും കരാർ നടപടികളിലേക്ക് കടന്നില്ല. തുടർന്ന് എസ്റ്റിമേറ്റ് റിവൈസ് ചെയ്യണമെന്ന് എ.ഇ. ആവശ്യപ്പെടുകയും 16,80,000/-രൂപയുടെ എസ്റ്റിമേറ്റിന് 07/09/2018 ലെ 1(1) തീരുമാനപ്രകാരം പഞ്ചായത്ത് കമ്മിറ്റി അംഗീകാരം നൽകുകയും 2018-19ലെ 314/18-19 നമ്പർ പുതിയ പ്രോജക്റ്റായി ഡി.പി.സി അംഗീകാരം നേടുകയും ചെയ്തു. തുടർന്ന് പ്രവൃത്തിക്കായി ടെണ്ടർ/ റീടെണ്ടർ ക്ഷണിച്ചെങ്കിലും ആരും പങ്കെടുത്തില്ല. കോടതിയലക്ഷ്യമുണ്ടാകുമെന്നതിനാൽ പദ്ധതി നടത്തിപ്പിന് ടെണ്ടർ/റീടെണ്ടർ/ ക്വട്ടേഷൻ ഉൾപ്പെടെയുള്ള നടപടികൾ സ്വീകരിക്കുവാൻ 16/01/2019ലെ 21(1) കമ്മറ്റി തീരുമാനപ്രകാരം എ.ഇ.ക്ക് നിർദ്ദേശം നൽകിയതനുസരിച്ച് ക്വട്ടേഷൻ ക്ഷണിക്കാൻ തീരുമാനിച്ചു. ലഭിച്ച ക്വട്ടേഷനുകളിൽ കുറഞ്ഞ നിരക്ക് കോട്ട് ചെയ്ത അഫ്സൽ വി .എ എന്ന കരാറുകാരനുമായി 02/05/2019 ൽ ഉടമ്പടി വച്ച് സൈറ്റ് കൈമാറിയിട്ടുള്ളതായി ഫയലിൽ കാണുന്നു. ഈ പദ്ധതിയുടെ നിലവിലെ അവസ്ഥ അറിയുന്നതിന് ഓഡിറ്റ് എൻക്വയറി നൽകിയിരുന്നു(നം 13/18.12.2019). ഇതിന് ലഭ്യമാക്കിയ മറുപടിയിൽ, പ്രവൃത്തി തുടങ്ങുന്നതിനായി പദ്ധതി പ്രദേശത്ത് എത്തിയപ്പോൾ ടി സ്ഥലത്തെ ഒരു സ്ഥലമുടമയായ ശ്രീമതി ഫാത്തിമ കുഞ്ഞുമുഹമ്മദ് പ്രവൃത്തി തടസ്സപ്പെടുത്തിയെന്നും അതുകൊണ്ട് ഇതുവരെ തുടങ്ങാനായിട്ടില്ലെന്നും അറിയിച്ചു. തോടിന്റെ ദിശ സംബന്ധിച്ച കാര്യങ്ങളാണ് തർക്കത്തിന് ഇടയാക്കിയിട്ടുള്ളതെന്നും, ആയതിനാൽ ഇതിൽ വ്യക്തത വരുത്തുന്നതിനായി പറവൂർ തഹസീൽദാർക്ക് കത്ത് നൽകിയെങ്കിലും റിപ്പോർട്ട് ലഭ്യമായില്ലെന്നും മറുപടിയിൽ പറയുന്നു.

2017 ൽ പദ്ധതി നടപടികൾ ആരംഭിച്ചെങ്കിലും കൊടുവര തോട് പഞ്ചായത്തിന്റെ ആസ്തി രജിസ്റ്ററിൽ ഉൾപ്പെടുത്തുന്നത് 20/12/18 ലെ 29ാം നമ്പർ കമ്മറ്റി തീരുമാനപ്രകാരമാണ്. കോടതിവിധി നടപ്പാക്കാത്തതിനെതിരെ നൽകിയ കോടതിയലക്ഷ്യ ഹർജിക്കുള്ള (WP(c) No. 462/2017) വിധിയിൽ പഞ്ചായത്തിന്റെ ഭാഗത്തുനിന്നും മന:പൂർവ്വമായ കാലതാമസമുണ്ടായിട്ടില്ലെന്ന് കോടതി നിരീക്ഷിച്ചെങ്കിലും, പ്രവൃത്തി നടപ്പാക്കേണ്ടതാണെന്ന് പറഞ്ഞിട്ടുണ്ട്. ആയതിനാൽ കൊടുവര റോഡ് വെള്ളക്കെട്ടിന് ശാശ്വത പരിഹാരമുണ്ടാക്കുന്നതിനുള്ള ഈ പ്രവൃത്തി നടപ്പാക്കുന്നതിലേക്ക് ഭരണസമിതിയുടെ പ്രത്യേക ശ്രദ്ധക്ഷണിക്കുന്നു.

## 1-27 വാർഡുതല ശുചീകരണം -സർക്കാർ നിർദ്ദേശങ്ങൾ പാലിക്കണം

കടുങ്ങല്ലൂർ ഗ്രാമ പഞ്ചായത്തിലെ 21 വാർഡുതല സാനിറ്റേഷൻ സമിതികൾക്ക് 2018-19 വർഷം നാഷണൽ ഹെൽത്ത് മിഷൻ, സംസ്ഥാന ശുചിത്വ മിഷൻ ഫണ്ട് എന്നിവ പ്രകാരം താഴെകാണും വിധം തുക ലഭ്യമായിട്ടുള്ളതായി വാർഡുതല ശുചീകരണ സമിതികളുടെ ബാങ്ക് പാസ്ബുക്ക് പരിശോധിച്ചതിൽ കണ്ടു.

| തീയതി | ഫണ്ടിനം | തുക |
|---|---|---|
| 29/5/2018 | NHM | 10000 |
| 02/06/2018 | ശുചിത്വമിഷൻ | 10000 |
| 21/08/2018 | ശുചിത്വമിഷൻ | 25000 |
| 11/09/2018 | NHM | 18000 |
| ആകെ | | 63000 |

എല്ലാ വാർഡുകൾക്കും ലഭിച്ച മുഴുവൻ തുകയും വിനിയോഗിച്ചിട്ടുമുണ്ട്. യാതൊരു ആധികാരികതയുമില്ലാത്ത കുറെ മസ്റ്റർ റോളുകളാണ് ഇതിന്റെ ചെലവുരേഖകളായി സമർപ്പിച്ചിട്ടുള്ളത്. വാർഡുതല ആരോഗ്യ ശുചിത്വ സമിതികളുടെ രൂപീകരണവും ഫണ്ട് വിനിയോഗവും സംബന്ധിച്ച സർക്കാർ ഉത്തരവിലെ (GO (Rt) No 650/2007/H&FWD dated 24.02.2007) നിർദ്ദേശങ്ങളൊന്നും പാലിക്കാതെയാണ് തുക വിനിയോഗിച്ചിരിക്കുന്നത്. 1000/-രൂപയിൽ കൂടുതലുള്ള ചെലവുതുക നൽകേണ്ടത് ചെക്ക്/ അക്കൗണ്ട് ട്രാൻസ്ഫർ മുഖേനയോ വേണമെന്ന നിബന്ധനയും പാലിച്ചിട്ടില്ല. പൊതു ആവശ്യ ഗ്രാന്റുകൾ വിനിയോഗിക്കുമ്പോൾ സർക്കാർ നിർദ്ദേശങ്ങൾ പാലിക്കുന്നുണ്ടെന്ന് ഉറപ്പുവരുത്തേണ്ടതാണ്.

## 1-28 മരാമത്ത് പദ്ധതികളിലെ അപാകതകൾ

എ) ഓഡിറ്റ് വർഷം അംഗീകാരം ലഭിച്ച പ്രോജക്ടുകൾ സമയബന്ധിതമായി നടപ്പാക്കാൻ കഴിയാഞ്ഞതിനാൽ പൊതുമരാമത്ത് പദ്ധതികൾക്കായി വകയിരുത്തിയ തുകയിൽ ഭൂരിഭാഗം തുകയും ചെലവഴിക്കാൻ കഴിയാതെ പഞ്ചായത്തിന് നഷ്ടപ്പെടുന്നതിനിടയായി. എ.ഇ നിർവ്വഹണ ഉദ്യോഗസ്ഥനായി തൻവർഷം 210 പദ്ധതികൾക്കാണ് അംഗീകാരം ലഭിച്ചിരുന്നത്. ഇതിൽ 119 പദ്ധതികളിൽ മാത്രമാണ് പഞ്ചായത്തിന് പണം ചെലവഴിക്കാൻകഴിഞ്ഞത് ഇതുകാരണം തൻ വർഷം വകയിരുത്തിയ 5,51,91,928/- രൂപയിൽ 1,77,10,492/- രൂപയെ ചെലവഴിക്കാനായി കഴിഞ്ഞുള്ളൂ (വകയിരുത്തിയ തുകയുടെ 32.09 %മാത്രം). പദ്ധതിക്കായി വിവിധ ഫണ്ടുകളിൽ നിന്നും വകയിരുത്തിയ തുകയുടെയും ചെലവിന്റെയും വിശദാംശങ്ങൾ താഴെ ചേർക്കുന്നു.

| ഫണ്ടിനം | വകയിരുത്തിയ തുക | ചെലവഴിച്ച തുക | ചെലവഴിക്കാത്ത തുക | ചെലവ് ശതമാനം |
|---|---|---|---|---|
| വികസനഫണ്ട്- ജനറൽ | 15,42,983 | 1,98,808 | 13,44,175 | 12.88 % |
| വികസനഫണ്ട്- എസ്.സി.പി | 32,70,300 | 10,01,599 | 22,68,701 | 30.62 % |
| വികസനഫണ്ട്- ടി.എസ്.പി | 62,100 | 37,794 | 24,306 | 60.86 % |
| ധനകാര്യകമ്മീഷൻ ഗ്രാന്റ് | 1,16,05,532 | 56,63,969 | 59,41,563 | 48.80 % |
| തനത്ഫണ്ട് | 99,86,000 | 17,62,108 | 82,23,892 | 17.65 % |
| മെയിന്റനൈന്സ് ഗ്രാന്റ് റോഡ് | 2,07,19,852 | 67,90,923 | 1,39,28,929 | 32.77 % |
| മെയിന്റനൈന്സ്ഗ്രാന്റ് നോൺറോഡ് | 51,45,161 | 22,55,291 | 28,89,870 | 43.83 % |
| കേന്ദ്രാവിഷ്കൃത ഫണ്ട് | 3,60,000 | 0 | 3,60,000 | 0 % |
| ജില്ലാ പഞ്ചായത്ത് വിഹിതം | 25,00,000 | 0 | 25,00,000 | 0 % |
| ആകെ | 5,51,91,928 | 1,77,10,492 | 3.74.81.436 | 32.09 % |

വികസനഫണ്ട്, ധനകാര്യകമ്മീഷൻഗ്രാന്റ്, മെയിന്റനൻസ് ഫണ്ട് (റോഡ് & നോൺ റോഡ്) എന്നിവ കൺസോളിഡേറ്റഡ് ഫണ്ടിൽ നിന്നും അനുവദിക്കുന്നതായതിനാൽ ചെലവഴിക്കാതെ അവശേഷിക്കുന്ന തുകകൾ സാമ്പത്തിക വർഷാവസാനം സർക്കാരിലേക്ക് തിരിച്ച് പോകും. ഇക്കാരണത്താൽ പഞ്ചായത്തിൻ തൻവർഷം അനുവദിച്ച തുകയിൽ ചെലവഴിക്കാൻ കഴിയാതെപോയ 3,46,21,436/- രൂപ (3,74,81,436-25,00,000-3,60,000) ഫലത്തിൽ പഞ്ചായത്തിന് നഷ്ടപ്പെട്ടിരിക്കുകയാണ്.

നിലവിൽ വാർഷിക പദ്ധതിക്ക് സാമ്പത്തിക വർഷാദ്യം തന്നെ ഡി.പി.സി അംഗീകാരം നൽകുന്നുണ്ട് എന്നിരിക്കെയാണ് പദ്ധതികൾ യഥാസമയം പൂർത്തീകരിക്കാൻ കഴിയാതെ വകയിരുത്തിയ ഫണ്ട് നഷ്ടപ്പെടുന്നതിനിടയായത്. മെയിന്റനൈന്സ് ഗ്രാന്റ് റോഡ് ഇനത്തിൽ തൻവർഷംചെലവഴിച്ച 67,90,923/- രൂപയിൽ 30,00,000/-രൂപയോളം ചെലവഴിച്ചത് വിവിധ റീടാറിംഗ് പ്രവൃത്തികൾക്കുള്ള ടാർവാങ്ങുന്നതിനാണ്. തുക മാറി ട്രഷറി അക്കൗണ്ടിൽ നിക്ഷേപിച്ചതല്ലാതെ പ്രവൃത്തികളൊന്നും ഓഡിറ്റ് വർഷം പൂർത്തിയാക്കിയിട്ടില്ല. അംഗീകാരം നേടിയ മരാമത്ത് പദ്ധതികൾക്ക് യഥാസമയം എസ്റ്റിമേറ്റ് തയ്യാറാക്കി സാങ്കേതികാനുമതി ലഭ്യമാക്കി ടെണ്ടർ നടപടികളിലൂടെ കരാറുകാരെ തീരുമാനിച്ച് കരാറിൽ ഏർപ്പെടുന്നതിലും പ്രവൃത്തികൾ നടപ്പാക്കുന്നതിലും വന്ന കാലതാമസമാണ് പദ്ധതി ചെലവ് കുറയുന്നതിനിടയാക്കിയത്. നിർവ്വഹണഘട്ടത്തിൽ വന്ന മേൽ അപാകതകൾ യഥാസമയം കണ്ടെത്തി പരിഹരിക്കുന്നതിനും പൊതുമരാമത്ത് വർക്കിംഗ് ഗ്രൂപ്പിനും മേൽനോട്ട ചുമതലയുള്ള വികസനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റിക്കും കഴിയാതെ പോയതായി ഓഡിറ്റ് വിലയിരുത്തുന്നു.

ബി) പൊതു അപാകതകൾ

2018-19 വർഷത്തിൽ അസിസ്റ്റന്റ് എഞ്ചിനീയർ നടപ്പിലാക്കിയിട്ടുള്ള പ്രവൃത്തികളുടെ ഫയലുകൾ പരിശോധിച്ചതിൽ എല്ലാ പ്രവൃത്തികളുടെയും എസ്റ്റിമേറ്റ് റിപ്പോർട്ട് ഫയലിൽ സൂക്ഷിച്ചിട്ടില്ല. പ്രവൃത്തിയുടെ ആവശ്യകത, സ്പെസിഫിക്കേഷൻ, സൈറ്റ് കണ്ടീഷൻ, പ്രവൃത്തിയുടെ സ്ഥാനം, പദ്ധതിയുടെ ആവശ്യകത, ലക്ഷ്യം പദ്ധതി ചെലവ് റോഡ്

പ്രവൃത്തിയാണെങ്കിൽ ചെയിനേജ് തുടങ്ങിയവ പ്രൊജക്ട് റിപ്പോർട്ടിൽ ഉണ്ടായിരിക്കേണ്ടതാണ്. ചെറിയ ചെയിനേജുകളിലായി വാർഡ് അടിസ്ഥാനത്തിൽ ഭാഗികമായ റോഡ് പ്രവൃത്തികൾക്ക് പ്രൊജക്ട് തയ്യാറാക്കുന്നത് പദ്ധതി മാർഗനിർദ്ദേശങ്ങൾക്ക് നിരക്കുന്നതല്ല. (ജി.ഒ (എം.എസ് ) നം.72/2017 തസ്വഭവ തീ.29/03/17 പദ്ധതിമാർഗനിർദ്ദേശങ്ങൾ ഖണ്ഡിക 4-5(1)കാണുക). തൻവർഷം ഗ്രാമപഞ്ചായത്ത് ഏറ്റെടുത്ത് നടത്തിയ ഭൂരിഭാഗം റോഡ് പ്രവൃത്തികളും മേൽപ്പറഞ്ഞവിധമുള്ള ചെറിയ പ്രവൃത്തികളാണ്. റോഡുകളുടെ ആകെ നീളമോ മെയിന്റനൻസ് നടത്തുന്ന ഭാഗത്തിന്റെ ചെയിനേജോ എസ്റ്റിമേറ്റ് റിപ്പോർട്ടിലോ എസ്റ്റിമേറ്റിലോ എം ബുക്കിലോ ഒന്നും രേഖപ്പെടുത്തുന്നില്ല. ഫണ്ടിന്റെ അപര്യാപ്തത മൂലം ഓരോ റോഡിന്റെയും ചെറിയ ഭാഗം മാത്രമാണ് ഓരോ വർഷവും മെയിന്റനൻസ് ചെയുന്നത്. പ്രവൃത്തി ചെയ്യുന്ന ഭാഗത്തിന്റെ ചെയിനേജ് രേഖപ്പെടുത്താത്തതിനാൽ സ്ഥലം നേരിൽ പോയി പ്രവൃത്തി ചെയ്തത് പരിശോധിക്കാൻ സാധിക്കുന്നില്ല. മോണിറ്ററിംഗ് റിപ്പോർട്ട് ഫയലിലുണ്ടെങ്കിലും പൂർണ്ണവിവരങ്ങളില്ല. ഓരോ വർഷവും ഒരേ റോഡ് തന്നെ കുറച്ച് ഭാഗം മാത്രം മെയിന്റനൻസ് ചെയ്യുന്നത് പുതിയ പ്രൊജക്ടായി പദ്ധതി നടപ്പിലാക്കുന്നതിനാൽ ഓരോ റോഡും ഇതുവരെ എത്ര മീറ്റർ നീളത്തിൽ എവിടെവരെ ഏതെല്ലാം ഭാഗത്ത് മെയിന്റനൻസ് ചെയ്തിട്ടുണ്ട് എന്നത് സംബന്ധിച്ച് വ്യക്തമായ ഒരു വിവരവും പഞ്ചായത്തിൽ ലഭ്യമല്ല.

എല്ലാ പ്രവൃത്തികളും ടെണ്ടർ മുഖേന അംഗീകൃത കരാറുകാരെക്കൊണ്ടാണ് ചെയ്യിച്ചിരിക്കുന്നത്. 5 ലക്ഷത്തിനു മുകളിൽ അടങ്കലുള്ള പ്രവൃത്തികൾക്ക് ഇ-ടെണ്ടറിംഗ് സംവിധാനവും നടപ്പിലാക്കിയിട്ടുണ്ട്. എന്നാൽ മൽസരാധിഷ്ഠിത ടെണ്ടറുകൾ ലഭിക്കുന്നതായി കാണുന്നില്ല. ഒരു പ്രവൃത്തിക്ക് ആകെ ലഭിക്കുന്ന രണ്ട് ടെണ്ടറുകളിൽ ഒരെണ്ണം എസ്റ്റിമേറ്റ് നിരക്കിലും രണ്ടാമത്തേത് അതിൽ കൂടുതൽ നിരക്കിൽ ക്വോട്ട് ചെയ്തവയുമാണ്. തൻവർഷം ഭൂരിഭാഗം പ്രവൃത്തികളും എസ്റ്റിമേറ്റ് നിരക്കിൽ അംഗീകരിച്ചാണ് നടപ്പിലാക്കിയിരിക്കുന്നത്. വരും വർഷം മുതൽ പ്രൊജക്ടുകളുടെ എണ്ണം കുറച്ച് സമയബന്ധിതമായി പദ്ധതികൾ പൂർത്തിയാക്കാനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്. ഇക്കാര്യത്തിലേക്ക് ഭരണസമിതിയുടെ ശ്രദ്ധ ക്ഷണിക്കുന്നു.

## 1-29 പിഴ ഈടാക്കിയില്ല, പഞ്ചായത്തിന് 8488/- രൂപയുടെ നഷ്ടം

സെക്രട്ടറി നിർവഹണ ഉദ്യോഗസ്ഥനായി നടപ്പിലാക്കിയ ചുവടെ ചേർത്തിരിക്കുന്ന പദ്ധതികളിൽ പിഴ ഈടാക്കാത്തതിനാൽ 8,488 രൂപയുടെ നഷ്ടം പഞ്ചായത്തിന് ഉണ്ടായതായി കാണുന്നു.വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

പദ്ധതി 1 - ഏലൂക്കര ഉളിയന്നൂർ പാലങ്ങളിൽ എൽ.ഇ.ഡി ലൈറ്റ് സ്ഥാപിക്കൽ.

(പ്രൊജക്ട് നം. - 58 /18-19 )

പദ്ധതി 2 - മില്ലുപടി വോളിബോൾ ഗ്രൗണ്ട് ഔട്ട് ഡോർ ലൈറ്റ് സ്ഥാപിക്കൽ.

(പ്രൊജക്ട് നം. - 60 /18-19 )

മേൽ പദ്ധതികളുടെ കരാറുകാരൻ ശ്രീ ഡിനു ഫ്രാൻസിസ്, ഡി.എഫ്.കെ കൺസ്ട്രക്ഷൻസ്, നോർത്ത് പറവൂർ എന്ന വ്യക്തിയാണ്. രണ്ട് പദ്ധതികളുടെയും എഗ്രിമെന്റ് തിയതി 31.08.2018 ആണ്. രണ്ട് വേലകളുടെയും ടെണ്ടർ ഷെഡ്യൂളിൽ കരാർ തിയതി മുതൽ 30 ദിവസത്തിനകം വേല പൂർത്തീകരിച്ച് തരേണ്ടതാണ് എന്ന് സൂചിപ്പിച്ചിട്ടുണ്ട്. ആയത് അംഗീകരിച്ച് കൊണ്ടാണ് കരാറുകാരൻ മൂന്ന് വേലകളുടെയും ടെണ്ടർ നടപടികളിൽ പങ്കെടുക്കുകയും ഏറ്റവും കുറവ് കരാർതുക രേഖപ്പെടുത്തിയതിനാൽ തെരഞ്ഞെടുക്കപ്പെടുകയും ചെയ്തിരിക്കുന്നത്. എന്നാൽ പഞ്ചായത്തിൽ നിന്നും 31.08.2018 ലെ എ2 – 7620 / 18-19 കത്ത് പ്രകാരം കരാർ തിയതി മുതൽ 60 ദിവസത്തിനകം പൂർത്തീകരിച്ച് നൽകണം എന്നാണ് സൂചിപ്പിച്ചിട്ടുള്ളത്.പ്രധാനമായും ഇലക്ട്രിക് ഉപകരണങ്ങളുടെ ഇൻസ്റ്റലേഷൻ മാത്രമുള്ള മേൽ വേലകൾക്ക് ഇത്രയധികം ദിവസം പൂർത്തീകരണത്തിനായി കൊടുത്തതിന്റെ കാരണം വ്യക്തമാക്കാൻ ഓഡിറ്റ് എൻക്വയറി നം.1 മുഖാന്തിരം ആവശ്യപ്പെട്ടിരുന്നെങ്കിലും മറുപടി നൽകിയില്ല. ഇത്തരത്തിൽ സമയം അധികരിച്ച് നൽകിയിട്ടും ക്രമനം. ഒന്നിൽ സൂചിപ്പിച്ച വേല ആരംഭിച്ചത് 21.02.2019 ലും പൂർത്തീകരിച്ചത് 20.03.2019 ലുമാണ്. ക്രമനം. രണ്ടിൽ സൂചിപ്പിച്ച വേല ആരംഭിച്ചത് 11.03.2019ലും, പൂർത്തീകരിച്ചത് 22.03.2019 ലുമാണ്.

മേൽ വേലകളുടെ എഗ്രിമെന്റുകളിലെ ക്രമ നം.7 പ്രകാരം മുൻ കൂട്ടി കാണാൻ കഴിയാത്ത കാരണങ്ങളാൽ അല്ലാതെ നിശ്ചിത സമയത്തിനുള്ളിൽ പ്രവൃത്തി പൂർത്തിയാക്കാൻ സാധിച്ചില്ലെങ്കിൽ നിശ്ചിത കാലാവധിയുടെ 20 ശതമാനം അഥവ അഞ്ചിലൊന്ന് സമയം കൂടി പിഴയില്ലാതെ അനുവദിക്കുന്നതാണ്. ഇവിടെ പഞ്ചായത്ത് നൽകിയ കത്തിലെ സമയപരിധി കണക്കിലെടുത്താൽ തന്നെ 60 ദിവസത്തിന്റെ അഞ്ചിലൊന്നായ 12 ദിവസം കൂടെ പിഴകൂടാതെ അനുവദിക്കാവുന്നതാണ്.അതായത് 12.11.2019 നകം മേൽ വേലകൾ പൂർത്തീകരിക്കേണ്ടതായിരുന്നു.

ലൈറ്റ് സ്ഥാപിക്കേണ്ട പോളുകൾ കിട്ടാനുള്ള കാലതാമസമാണ് വേലകൾ വൈകാൻ കാരണമെന്നാണ് ഓഡിറ്റ് എൻക്വയറിക്ക് മറുപടിയായി നൽകിയത്. പഞ്ചായത്ത് 22.11.2018ൽ കത്തിലൂടെ ആവശ്യപ്പെട്ടപ്പോൾ മാത്രമാണ് കരാറുകാരൻ ഇത്തരത്തിലുള്ള മറുപടി നൽകിയത്. കരാറുകാരന് പഞ്ചായത്തിൽ മറ്റ് പദ്ധതികൾ ഉണ്ടായിരുന്നതിനാലാണ് പദ്ധതി ആരംഭിക്കാൻ വൈകിയത് എന്നും മറുപടിയിൽ സൂചിപ്പിച്ചിട്ടുണ്ട്. കരാറുകാരൻ പദ്ധതി ആരംഭിക്കാൻ എന്ത് തടസ്സമുണ്ടെങ്കിലും ആയത് പഞ്ചായത്തിനെ അറിയിക്കാൻ അവസരമുണ്ട്. എന്നിട്ടും ആയത് പഞ്ചായത്തിനെ നിർദ്ദിഷ്ട സമയത്ത് അറിയിച്ചില്ല എന്ന് കാണുന്നു. ആയതിനാൽ പഞ്ചായത്ത് നൽകിയ കത്തിന് സാങ്കേതികമായി മറുപടി നൽകി എന്ന് മാത്രമേ കണക്കാക്കാൻ കഴിയൂ. ആയതിനാൽ മറുപടി അംഗീകരിക്കാവുന്നതല്ല.

നിശ്ചിത സമയത്ത് പൂർത്തീകരിച്ചില്ലെങ്കിൽ കൂടുതൽ വരുന്ന ആദ്യത്തെ 3 മാസം വരെ പിഴയായി കരാർ തുകയുടെ ഒരു ശതമാനവും പിന്നീട് വരുന്ന ഓരോ മൂന്ന് മാസവും കരാർതുകയുടെ 2 ശതമാനവും ഈടാക്കേണ്ടതാണ്. ഇത് പ്രകാരം ചുവടെ ചേർത്തിരിക്കുന്ന രീതിയിൽ പിഴ ഈടാക്കേണ്ടതായിരുന്നു.

വേല -ഏലൂക്കര ഉളിയന്നൂർ പാലങ്ങളിൽ എൽ.ഇ.ഡി ലൈറ്റ് സ്ഥാപിക്കൽ.

കരാർ തുക - 3,97,019

ആദ്യത്തെ മൂന്ന് മാസത്തെ പിഴ ( 1 % ) = 3,970

13.02.2019 മുതൽ 20.03.2019 വരെയുള്ള പിഴ =36/90*2*3,97,019/100= 3,176

ആകെ പിഴ =7,146 രൂപ.

വേല -മില്ലുപടി വോളിബാൾ ഗ്രൗണ്ട് ഔട്ട് ഡോർ ലൈറ്റ് സ്ഥാപിക്കൽ.

കരാർ തുക - 72,758

ആദ്യത്തെ മൂന്ന് മാസത്തെ പിഴ ( 1 % ) = 728

13.02.2019 മുതൽ 22.03.2019 വരെയുള്ള പിഴ =38/90*2*72,758/100= 614

ആകെ പിഴ =1,342 രൂപ.

പിഴയിനത്തിലെ നഷ്ടത്തുകയായ 8488/- രൂപ കരാറുകാരനിൽ നിന്ന് ഈടാക്കേണ്ടതും അല്ലാത്ത പക്ഷം നിർവഹണ ഉദ്യോഗസ്ഥനായ സെക്രട്ടറിയുടെ ഉത്തരവാദിത്തമായി കണക്കാക്കേണ്ടതുമാണ്.

# ഭാഗം -2
# വരവ്-വ്യക്തമായ നഷ്ടം പ്രതിപാദിക്കുന്ന ഓഡിറ്റ് നിരീക്ഷണങ്ങൾ

[KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(1) പ്രകാരമുള്ള ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]

വരവ്-വ്യക്തമായ നഷ്ടം പ്രതിപാദിക്കുന്ന ഓഡിറ്റ് നിരീക്ഷണങ്ങൾ

[KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(1) പ്രകാരമുള്ള ഈ ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]

## 2-1 ലൈസൻസ് ഫീ കുറഞ്ഞ നിരക്കിൽ ഈടാക്കി, നഷ്ടം-5000/-രൂപ

1996 ലെ കേരള പഞ്ചായത്ത് രാജ് (ഫാക്ടറികൾക്കും വ്യാപാരങ്ങൾക്കും, സംരഭകത്വ പ്രവർത്തനങ്ങൾക്കും സേവനങ്ങൾക്കും ലൈസൻസ് നൽകൽ) ചട്ടങ്ങൾ പ്രകാരം സ്ഥാപനങ്ങൾക്ക് പട്ടിക II പ്രകാരമുള്ള ലൈസൻസ് ഫീസിനേക്കാൾ കുറഞ്ഞ നിരക്കിൽ ലൈസൻസ് ഫീ ഈടാക്കിയതായി കാണുന്നു

1. ലൈസൻസ് നം 69/18-19 പ്രകാരം 6047.63 ലക്ഷം മൂലധനനിക്ഷേപമുള്ള കൊച്ചിൻ മിനറൽസ് & റുട്ടൈൽ ലിമിറ്റഡ് എന്ന സ്ഥാപനത്തിന് ഈടാക്കിയ ലൈസൻസ് ഫീ- 10000/രൂപയാണ് (റസീപ്റ്റ് നം 117150109467 തി 23/2/18.) പുതുക്കിയ പട്ടിക II പ്രകാരം 10 കോടിയിൽ കൂടുതൽ മൂലധനനിക്ഷേപമുള്ള നിർമ്മാണ സ്ഥാപനങ്ങളെ ലാർജ് സ്ഥാപനങ്ങൾ എന്ന ഇനത്തിൽ ഉൾപെടുത്തി ലൈസൻസ് ഫീ ആയി 15000/-ഈടാക്കേണ്ടിയിരുന്നതാണ്. (പഞ്ചായത്ത് ലാർജ് സ്ഥാപനങ്ങൾക്കുള്ള പരമാവധി ഫീസായ 15000/-യേക്കാൾ കുറഞ്ഞ നിരക്കിൽ ലൈസൻസ് ഫീ ഈടാക്കുന്നതിനായി തിരുമാനം എടുത്തിട്ടില്ലാത്തതിനാൽ പട്ടിക IIലെ പരമാവധി ഫീസായ 15000/ഈടാക്കേണ്ടതാണ്.) കുറഞ്ഞ നിരക്കിൽ ഫീ ഈടാക്കിയതു മൂലം പഞ്ചായത്തിന് 5000/-രൂപ നഷ്ടമുണ്ടായിട്ടുണ്ട്.

അപാകതയ്ക്കുള്ള മറുപടിയിൽ കുറഞ്ഞ നിരക്കിൽ ഫീ ഈടാക്കിയത് ബോധ്യപ്പെട്ടിട്ടുള്ളതാണ് എന്നും തുക ഈടാക്കുന്നതിനുള്ള നടപടി സ്വീകരിക്കുന്നതാണ് എന്നും അറിയിച്ചു. ലൈസൻസ് ഫീ കുറഞ്ഞ നിരക്കിൽ ഈടാക്കിയതിനാൽ ഉണ്ടായിട്ടുള്ള നഷ്ടതുകയായ 5000/- രൂപ സ്ഥാപനത്തിൽ നിന്നോ ഉത്തരവാദിയായ ഉദ്യോഗസ്ഥനിൽ നിന്നോ ഈടാക്കി അറിയിക്കേണ്ടതാണ്.

## ഭാഗം -3
## ചെലവ്-വ്യക്തമായ നഷ്ടം പ്രതിപാദിക്കുന്ന ഓഡിറ്റ് നിരീക്ഷണങ്ങൾ

[KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(2) പ്രകാരമുള്ള ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]

ഇല്ല.

## ഭാഗം -4
## പൊതു വിവരങ്ങളും ഓഡിറ്റ് പ്രത്യവലോകനവും
## പൊതുവിവരങ്ങളും ഓഡിറ്റ് പ്രത്യവലോകനവും

### 4-1 വാർഷിക ധനകാര്യപത്രിക പരിശോധിച്ച് സർട്ടിഫിക്കറ്റ് നല്കിയതിന്റെ വിവരം.

| വർഷം | സർട്ടിഫിക്കേഷന് കണക്കുകൾ പരിശോധിച്ച തീയതി | സർട്ടിഫിക്കറ്റ് നമ്പർ/തീയതി |
|---|---|---|
| 2018-19 | 06.06.2019 & 07.06.2019 | കെ.എസ്.എ.ഇ.കെ.എം(പി.ജി)1227(37)/2019 തീയതി 21.08.2019 |

### 4-2 സംയുക്ത പ്രൊജക്കുകൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം

| ക്രമ നം. | വിഹിതം നൽകിയ സ്ഥാപനം | തുക ലഭിച്ച വർഷം | ലഭിച്ച തുക | പ്രൊജക്ടിന്റെ വിവരം | ചെലവ് | നീക്കിയിരിപ്പ് |
|---|---|---|---|---|---|---|
| 1 | ജില്ലാ പഞ്ചായത്ത് | 2018-19 | 5,00,000 | 169/19-തോപ്പിലെക്കാട് റോഡ് റീടാറിംഗ് | 0 | 5,00,000 |
| 2 | ജില്ലാ പഞ്ചായത്ത് | 2018-19 | 5,00,000 | 178/19-മസ്ജിദ് കവല-ഏലൂക്കര റോഡ് | 0 | 5,00,000 |

| | | | | | | |
|---|---|---|---|---|---|---|
| | | | | റീടാറിംഗ് | | |
| 3 | ജില്ലാ പഞ്ചായത്ത് | 2018-19 | 5,00,000 | 193/19-ചെത്രപ്പിള്ളി റബർത്തോട്ടം റോഡ് റീടാറിംഗ് | 0 | 5,00,000 |
| 4 | ജില്ലാ പഞ്ചായത്ത് | 2018-19 | 5,00,000 | 194/19-എം.കെ.കെ നഗർ-കുളപ്പുര റോഡ് റീടാറിംഗ് | 0 | 5,00,000 |
| 5 | ജില്ലാ പഞ്ചായത്ത് | 2018-19 | 5,00,000 | 214/19-ശ്മശാനം റോഡ് റീടാറിംഗ് | 0 | 5,00,000 |
| 6 | ജില്ലാ പഞ്ചായത്ത് | 2018-19 | 5,30,591 | 25/19-ഭിന്നശേഷിക്കാരായ കുട്ടികൾക്ക് സ്കോളർഷിപ്പ് | 5,30,591 | 0 |
| 7 | ജില്ലാ പഞ്ചായത്ത് | 2018-19 | 40,00,000 | 294/19-ലൈഫ് മിഷൻ ഭവന പദ്ധതി | 40,00,000 | 0 |
| 8 | ജില്ലാ പഞ്ചായത്ത് | 2017-18 | 20,00,000 | ലൈഫ് മിഷൻ ഭവന പദ്ധതി-എസ്.സി | 3,60,000 | 16,40,000 |
| 9 | ബ്ലോക്ക് പഞ്ചായത്ത് | 2018-19 | 1,00,000 | 20/19-പാലിയേറ്റീവ് പരിചരണം | 1,00,000 | 0 |
| 10 | ബ്ലോക്ക് പഞ്ചായത്ത് | 2018-19 | 2,47,364 | 5/19-ഭിന്നശേഷി ക്കാരായ കുട്ടികൾക്ക് സ്കോളർഷിപ്പ് | 2,47,364 | 0 |
| 11 | ബ്ലോക്ക് പഞ്ചായത്ത് | 2018-19 | 12,66,800 | 30/19-ലൈഫ് മിഷൻ ഭവന പദ്ധതി | 12,66,800 | 0 |
| 12 | ബ്ലോക്ക് പഞ്ചായത്ത് | 2018-19 | 68,168 | 21/19-അങ്കണവാടി പൂരക പോഷകാഹാരം | 68,168 | 0 |
| 13 | ബ്ലോക്ക് പഞ്ചായത്ത് | 2018-19 | 68,000 | 121/19-ക്ഷീരോൽ പാദകർക്ക് സബ്സിഡി | 68,000 | 0 |
| 14 | ബ്ലോക്ക് പഞ്ചായത്ത് | 2018-19 | 4,00,000 | 294/19-ലൈഫ് മിഷൻ ഭവന പദ്ധതി | 4,00,000 | 0 |
| 15 | ബ്ലോക്ക് പഞ്ചായത്ത് | 2017-18 | 14,00,000 | 293/19-ലൈഫ് മിഷൻ ഭവന പദ്ധതി-എസ്.സി | 0 | 14,00,000 |

## 4-3 ഡെപ്പോസിറ്റ് വർക്കിനു നൽകിയ തുകയുടെ വിവരങ്ങൾ

ഓഡിറ്റ് വർഷത്തിൽ താഴെ പറയുന്ന സ്ഥാപനങ്ങൾക്ക് ഡെപ്പോസിറ്റ് വർക്കായി പ്രവൃത്തി നടത്തുന്നതിന് മുൻകൂർ നൽകിയിട്ടുണ്ട്. തുക ചെലവഴിച്ച് പ്രവൃത്തി നടത്തിയതിന്റെയും ബാക്കി തുകയുടെയും വിവരങ്ങൾ താഴെ കൊടുക്കുന്നു.

| നിർവ്വഹണ ഏജൻസി | പ്രവൃത്തിയുടെ പേര് | വൗച്ചർ നമ്പർ/ ചെക്ക് നം. | മുൻകൂർ നൽകിയ തുക | ചെലവഴിച്ച തുക | ചെലവഴിക്കാൻ ബാക്കിയുള്ള തുക |
|---|---|---|---|---|---|
| കെ.എസ്.ഇ.ബി- എടയാർ | 59/19-ഇലക്ട്രിക് പോസ്റ്റ് ഷിഫ്റ്റിംഗ് | NEFT | 18,520 | 0 | 18,520 |
| കേരള വാട്ടർ അതോറിറ്റി-വാട്ടർ സപ്ലൈ ഡിവിഷൻ കൊച്ചി-4 | 11/19-കുടിവെള്ള പൈപ്പ് ലൈൻ എക്സ്റ്റെൻഷൻ | ,, | 2,51,000 | 0 | 2,51,000 |
| ,, | 316/19-ശ്മശാനം കുടിവെള്ള പൈപ്പ് ലൈൻ എക്സ്റ്റെൻഷൻ | ,, | 2,00,000 | 0 | 2,00,000 |
| ,, | 297/19-നാൽപത് പറ കുടിവെള്ള പൈപ്പ് ലൈൻ എക്സ്റ്റെൻഷൻ | ,, | 2,50,000 | 0 | 2,50,000 |
| കേരള വാട്ടർ അതോറിറ്റി- പി.എച്ച്.ഡിവിഷൻ ആലുവ | 323/19-എസ്.സി സങ്കേതങ്ങളിലേക്ക് കുടിവെള്ള പൈപ്പ് ലൈൻ എക്സ്റ്റെൻഷൻ | ,, | 1,90,000 | 0 | 1,90,000 |

## 4-4 മൊബിലൈസേഷൻ അഡ്വാൻസ്

ഇല്ല

## 4-5 വായ്പ/ വായ്പ തിരിച്ചടവ്

ഓഡിറ്റ് വർഷം പഞ്ചായത്തിന് വായ്പയിനത്തിൽ വരവില്ല. 2017-18 വർഷം വായ്പ തിരിച്ചടച്ചതിന്റെയും, വർഷാവസാനം തിരിച്ചടയ്ക്കാൻ അവേശഷിക്കുന്ന വായ്പ തുകയുടെയും വിശദവിവരം താഴെ കൊടുക്കുന്നു.

| ക്രമ നം. | വായ്പയുടെ പേര്/ ഉദ്ദേശ്യം | ഉത്തരവ് നമ്പർ/ തീയതി | വായ്പ തുക | വർഷാരംഭത്തിൽ തിരിച്ചടയ്ക്കാൻ ബാക്കിയുണ്ടായിരുന്ന തുക | തൻവർഷം തിരിച്ചടച്ച തുക | | വർഷാവസാനം തിരിച്ചടയ്ക്കാൻ ബാക്കിയുള്ള തുക |
|---|---|---|---|---|---|---|---|
| | | | | | മുതൽ | പലിശ | |
| 1 | ഇ.എം.എസ് ലോൺ | സ.ഉ.(സാ)നം 564/2010/ തസ്വഭവ തീയതി 22.02.10 | 1,17,07,500 | 18,87,967 | 11,70,750 | 0 | 7,17,217 * |

* 07/07/2017 ൽ വി.ഇ.ഒ യുടെ ബാങ്ക് അക്കൗണ്ടിൽ നിന്നും 1,44,132/- അടവാക്കിയത് സാംഖ്യയിൽ ചേർത്തിട്ടില്ല. ഇക്കാരണത്താൽ ലോൺ രജിസ്റ്ററിലെ നീക്കിയിരിപ്പും വാർഷിക കണക്കിലെ നീക്കിയിരിപ്പും പൊരുത്തപ്പെടുന്നില്ല. ഇത് ചേർത്ത് ലോൺ അക്കൗണ്ടിന്റെ ലെഡ്ജർ ക്രമീകരിക്കേണ്ടതാണ്. ഓഡിറ്റ് തീയതിയിൽ ഈ ലോണിന്റെ തിരിച്ചടവ് പൂർത്തിയായിട്ടുണ്ട്.

## 4-6 സ്ഥിരനിക്ഷേപങ്ങൾ

| | |
|---|---|
| വർഷാരംഭത്തിൽ ഉണ്ടായിരുന്ന സ്ഥിരനിക്ഷേപം | 88,35,298 |
| തൻവർഷം നിക്ഷേപിച്ച തുക | 5,99,356 |
| ആകെ | 94,34,654 |
| തന്നാണ്ടിൽ പിൻവലിച്ച തുക | 0 |
| വർഷാവസാനം അവശേഷിക്കുന്ന സ്ഥിര നിക്ഷേപം | 94,34,654 |

വർഷാവസാനം അവശേഷിക്കുന്ന സ്ഥിരനിക്ഷേപങ്ങളുടെ വിവരം താഴെ കൊടുക്കുന്നു.

| ക്രമ നമ്പർ | ബാങ്ക് | നിക്ഷേപിച്ച തീയതി | കാലയളവ് | തുക | റിമാർക്ക് |
|---|---|---|---|---|---|
| 1 | എസ്.ബി.ഐ,മുപ്പത്തടം | 16.04.2018 | 1 വർഷം | 94,34,654 | |

## 4-7 ഓഡിറ്റ് റിക്കവറി

ഓഡിറ്റ് റിക്കവറിയിനത്തിൽ തൻവർഷത്തിൽ ലഭിച്ച 11,382/- രൂപയുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| റിപ്പോർട്ട് വർഷം | ഭാഗം/ ഖണ്ഡിക | ഈടാക്കിയ തുക | ഒടുക്കിയ ആളുടെ പേര് | രശീത് നമ്പർ തീയതി |
|---|---|---|---|---|
| 2017-18 | 3-12 | 11,382 | അസിസ്റ്റന്റ് എഞ്ചിനീയർ | 118150107370 തീയതി 20.02.2019 |

## 4-8 സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഖണ്ഡികകൾ

ഗ്രാമപഞ്ചായത്തിലെ മുൻവർഷ ഓഡിറ്റ് റിപ്പോർട്ടുകളിൽ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം 23- വകുപ്പു പ്രകാരമുള്ള സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഖണ്ഡികകളിൽ തീർപ്പാക്കാൻ അവശേഷിക്കുന്നവയുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| ഓഡിറ്റ് വർഷം | ഖണ്ഡിക | സമാഹൃത റിപ്പോർട്ട് വർഷം | ഖണ്ഡിക | വിഷയം | ഉത്തരവാദിയായ ഉദ്യോഗസ്ഥ | ഇപ്പോഴത്തെ അവസ്ഥ |
|---|---|---|---|---|---|---|
| 1997-98 | 19-1 | 2004-05 | 15 | മരുന്ന് വാങ്ങിയതിലെ അപാകത | ഡോ.സില്ല ജെയിംസ് | 5500/-(തുക ഈടാക്കിയിട്ടില്ല.) |

## 4-9 ചാർജ് സർചാർജ് നടപടികളുടെ വിവരം

ഇല്ല

## 4-10 ഓഡിറ്റ് പ്രത്യവലോകനം

**(എ) സംക്ഷിപ്ത വിവരം**

| | | |
|---|---|---|
| ഓഡിറ്റ് വർഷത്തെ ആകെ വരവ് | : | 10,66,11,588.00 |
| ഓഡിറ്റ് വർഷത്തെ ആകെ ചെലവ് | : | 8,42,61,876.00 |
| വരവിനങ്ങളിലുള്ള നഷ്ടം | : | 5,000 |
| ചെലവിനങ്ങളിലുള്ള നഷ്ടം/ ഓഡിറ്റിൽ അംഗീകരിക്കാത്ത തുക | : | - |
| ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക | : | 11,36,446 |

(ബി). **<u>പഞ്ചായത്ത് ഫണ്ടിനുണ്ടായ വ്യക്തമായ നഷ്ടത്തിന്റെ വിവരം</u>**

| ഖണ്ഡിക നമ്പർ | നഷ്ടമായ തുക | | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|---|
| | ചാർജ് ചെയ്യാവുന്നവ | സർചാർജ് ചെയ്യാവുന്നവ | |
| 2-1 | 5,000 | - | എം എ. രാമൻകുട്ടി, |

| | | | |
|---|---|---|---|
| | | | സെക്രട്ടറി |
| ആകെ | 5,000 | | |

**ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക**

| ഖണ്ഡിക നമ്പർ | തടസ്സപ്പെടുത്തിയ തുക | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|
| 1-21 | 11,36,446 | സിന്ധു എസ്, അസിസ്റ്റന്റ് എഞ്ചിനീയർ |

(സി) **കേന്ദ്ര-സംസ്ഥാന സർക്കാരുകൾ, മറ്റു സ്ഥാപനങ്ങൾ എന്നിവയ്ക്കുണ്ടായ നഷ്ടത്തിന്റെ വിവരം**

ഇല്ല

(ഡി) **നഷ്ടം നിജപ്പെടുത്താൻ കൂടുതൽ അന്വേഷണം ആവശ്യമായവ**

ഇല്ല

(ഇ)**റിപ്പോർട്ടിൽ പ്രതിപാദിച്ചിരിക്കുന്ന നഷ്ടത്തിനുത്തരവാദികളായവരുടെ സ്ഥിരം മേൽവിലാസങ്ങൾ**

| പേരും, ഉദ്യോഗപ്പേരും | ഇപ്പോഴത്തെ (ഓഡിറ്റ് നടന്ന സമയത്തെ) ഔദ്യോഗിക മേൽവിലാസം | സ്ഥിരം മേൽവിലാസം |
|---|---|---|
| എം.എ. രാമൻകുട്ടി, സെക്രട്ടറി | സെക്രട്ടറി, പാറക്കടവ് ഗ്രാമ പഞ്ചായത്ത് | മഞ്ഞേലി ഹൗസ്, മുരിങ്ങൂർ.പി.ഒ, വടക്കുംമുറി |
| സിന്ധു എസ്, അസിസ്റ്റന്റ് എഞ്ചിനീയർ | അസിസ്റ്റന്റ് എഞ്ചിനീയർ, കടുങ്ങല്ലൂർ ഗ്രാമ പഞ്ചായത്ത് | ഹരേഹർ, ഹരിതനഗർ, യുസി.കോളേജ്.പി.ഒ,ആലുവ |

## 4-11 തീർപ്പാക്കാൻ അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകൾ

.

| ഓഡിറ്റ് വർഷം | ഓഡിറ്റ് റിപ്പോർട്ട് നമ്പർ/തീയതി |
|---|---|
| 1995-96 | എൽ.എഫ്.ഇ.(പി-5)-1919/07/11.02.2009 |
| 1996-97 | എൽ.എഫ്.ഇ.(പി-5)263/98/14.10.1998 |
| 1997-98 | എൽ.എഫ്.ഇ.(പി-5)1322/02/16.12.2002 |
| 1998-99 | എൽ.എഫ്.ഇ-(പി-5)980/03/20.12.2003 |
| 1999-00 to 2001-02 (പദ്ധതി ചെലവ് റിപ്പോർട്ട്) | കെ.എസ്.എ-ഇ.കെ.എം(പി11)/1598/ 15/30.10.2015 |
| 1999-00 (പദ്ധതി ചെലവ് ഒഴികെ) | കെ.എസ്.എ-ഇ.കെ.എം(പി11)/1598/ 15/30.10.2015 |
| 2000-01 (പദ്ധതി ചെലവ് ഒഴികെ) | കെ.എസ്.എ-ഇ.കെ.എം(പി11)/1598/ 15/30.10.2015 |
| 2002-03 (ചെലവ്) | കെ.എസ്.എ-ഇ.കെ.എം(പി11)/1598/ 15/30.10.2015 |
| 2002-03 (വരവ്) | കെ.എസ്.എ-ഇ.കെ.എം(പി11)/1598/ 15/30.10.2015 |
| 2003-04 | കെ.എസ്.എ-ഇ.കെ.എം(പി11)/1598/ 15/30.10.2015 |
| 2004-05 | കെ.എസ്.എ-ഇ.കെ.എം(പി11)/1598/ 15/30.10.2015 |
| 2005-06 | കെ.എസ്.എ-ഇ.കെ.എം(പി11)/1598/ 15/30.10.2015 |
| 2006-07 | കെ.എസ്.എ-ഇ.കെ.എം(പി11)/1598/ 15/30.10.2015 |
| 2007-08 | കെ.എസ്.എ-ഇ.കെ.എം(പി11)/1598/ 15/30.10.2015 |

| | |
|---|---|
| 2008-09 | കെ.എസ്.എ-ഇ.കെ.എം(പി11)/1598/ 15/30.10.2015 |
| 2009-10 | കെ.എസ്.എ-ഇ.കെ.എം(പി11)/1598/ 15/30.10.2015 |
| 2010-11, 2011-12 | കെ.എസ്.എ-ഇ.കെ.എം(പി11)/1598/ 15/30.10.2015 |
| 2012-13, 2013-14 | എൽ.എഫ്.ഇ-(പി-11)176/15/16.02.2015 |
| 2014-15 | കെ.എസ്.എ-ഇ.കെ.എം(പി2)/877/ 16/06.06.2016 |
| 2015-16 | കെ.എസ്.എ-ഇ.കെ.എം(പി14)/2202/ 16/23.12.2016 |
| 2016-17 | കെ.എസ്.എ-ഇ.കെ.എം(പി13)/1880/ 17/05.10.17 / 25.11.2017 |
| 2017-18 | കെ.എസ്.എ-ഇ.കെ.എം(പി13)/1880/ 17/05.10.17/ 25.11.201 |

.
അവശേഷിക്കുന്ന റിപ്പോർട്ടുകളിലെ തടസ്സങ്ങൾ തീർപ്പാക്കുവാൻ അടിയന്തിര നടപടികൾ സ്വീകരിക്കേണ്ടതാണ്.

ഡെപ്യൂട്ടി ഡയറക്ടർ
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് ഓഫീസ്, എറണാകുളം

# അനുബന്ധം-1
## ഓഡിറ്റ് സാക്ഷ്യപത്രം
**ഓഡിറ്റ് സാക്ഷ്യപത്രം**

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമത്തിന്റെ, വകുപ്പ്.4, 1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം- വകുപ്പ് 215(6), 2011ലെ കേരള പഞ്ചായത്ത് രാജ് അക്കൗണ്ട് ചട്ടങ്ങളിലെ ചട്ടം 64 എന്നിവ അനുസരിച്ചും പഞ്ചായത്ത് സ്ഥാപനങ്ങളുടെ ഓഡിറ്റിനു വേണ്ടി കംപ്ട്രോളർ ആന്റ് ഓഡിറ്റർ ജനറൽ നിർദ്ദേശിച്ച ഓഡിറ്റിംഗ് സ്റ്റാൻഡേർഡുകൾ അവലംബിച്ചും 22.05.2018 ലെ (സാധാ)1413/ 2018/ത.സ്വ. ഭ.വ, നമ്പർ സർക്കാർ ഉത്തരവിലെ നിബന്ധനകൾ പ്രകാരവും **കടുങ്ങല്ലൂർ** ഗ്രാമപഞ്ചായത്തിന്റെ 2018-19 സാമ്പത്തികവർഷത്തെ വാർഷിക ധനകാര്യ പത്രിക പരിശോധിച്ചതായി ഞാൻ സാക്ഷ്യപ്പെടുത്തുന്നു.

എന്റെ അഭിപ്രായത്തിൽ അന്യത്ര ചേർത്ത അപാകതകൾ ഒഴികെ സ്ഥാപനത്തിന്റെ 2018-19സാമ്പത്തിക വർഷത്തെ വാർഷിക കണക്കുകൾ ശരിയായ വിധത്തിൽ സൂക്ഷിക്കുന്നു. സ്ഥാപനത്തിന്റെ വരവുകൾ യഥാവിധം കണക്കിലുൾപ്പെടുത്തിയിട്ടുണ്ട്. ചെലവുകൾ എല്ലാം തന്നെ വൗച്ചറുകളുടെ അടിസ്ഥാനത്തിലാണ്.

**ഡെപ്യൂട്ടി ഡയറക്ടർ**

2018-19 സാമ്പത്തിക വർഷത്തിലെ വാർഷിക കണക്കുകൾ പരിശോധിച്ചതിൽ കണ്ടെത്തിയ അപാകതകൾ.

1. വസ്തുനികുതി സംബന്ധിച്ച വാർഷിക ധനകാര്യപത്രികയിലെ കണക്കുകൾ സഞ്ചയ പ്രകാരമുള്ള കണക്കുകളുമായി പൊരുത്തപ്പെടുന്നില്ല.

2. സ.ഉ.(എം.എസ്)152/2011/തസ്വഭവ/20.07.11 പ്രകാരം ഭൂമിയുൾപ്പെടെയുള്ള ആസ്തികൾ പൂർണ്ണമായും അക്കൗണ്ട് ചെയ്ത് ആസ്തി രജിസ്റ്ററിൽ രേഖപ്പെടുത്തി വാർഷിക കണക്കുകളുമായി പൊരുത്തപ്പെടുത്തിയിട്ടില്ല.
3.ഡെപ്പോസിറ്റ് വർക്കുകൾക്ക് നൽകിയ തുകകൾ വാർഷിക കണക്കുമായി പൊരുത്തപ്പെടുന്നില്ല. മുൻകൂർ നൽകുന്ന തുക ചെലവഴിക്കുന്നതിനു മുമ്പു തന്നെ ആസ്തിയായി രേഖപ്പെടുത്തുന്നു.

ഡെപ്യൂട്ടി ഡയറക്ടർ

**Annexure – 2**

**AUDIT CERTIFICATE**

Certified that I have examined the Annual Financial Statement of **KADUNGALLUR** Grama Panchayat in Ernakulam District for the year ended on 31.03.2019 in accordance with Section '4' of the Kerala Local Fund Audit Act 1994, Section 215(6) of the Kerala Panchayat Raj Act 1994, Rule 64 of Kerala Panchayat Raj Accounting rule 2011, and the guidelines issued by the Comptroller and Auditor General of India for the purpose of Certification of Accounts of Panchayat Raj Institutions, and the instructions vide G.O.(Rt)1413/2018/LSGD dated 22/05/2018.
In my opinion the Annual Financial Statement of Kadungallur Grama Panchayat for the year 2018-19 subject to the observations in the Annexure, properly presents the picture of income, expenditure and closing balance.

**DEPUTY DIRECTOR**

**Irregularities noted in the 2018-19 AFS are shown below**

1. The accounts of Property Tax in the AFS differs with the SANCHAYA accounts.

2. Not complying with G.O.(MS)152/2011/LSGD dated 20.07.2011, assets including Land are not accounted properly, entered into the asset register and reconciled with the book values in the AFS.
3.The amount paid for deposit work is not in agreement with the AFS amounts and the above payment is booked under asset head without obtaining Completion Certificate.

**DEPUTY DIRECTOR**